# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## നടത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P-9)/1279/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/11/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P-9)/1279/2025 തീയ്യതി: 17/11/2025

## തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2024 മുതൽ 21-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2025 | 29-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2025 | 29-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സിനിലാൽ എം. ജി., ഓഡിറ്റ് ഓഫീസർ

ഹണി കെ. എസ്., ഓഡിറ്റ് ഓഫീസർ

ഷറഫുദ്ദീൻ എസ് എച്ച്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുധ ഇ. എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രമ്യ കെ. കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീവിദ്യ രാജേഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| പ്രദീപ് കെ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹീര സുരേഷ് വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ. സിൻസി പവിത്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. ജയ ടി. എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ശാലിനി പി. എസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. ബിന്ദു ബാലകൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| സിനീഷ് എം. എസ് | കൃഷി ഓഫീസർ | 01-04-2024 | 11-12-2024 |
| അനില | കൃഷി ഓഫീസർ | 12-12-2024 | 31-03-2025 |
| ഷൈജ എം. വി | വി.ഇ.ഒ (നടത്തറ സർക്കിൾ) | 01-04-2024 | 31-03-2025 |
| സ്വാലിഹ പി. എ | വി.ഇ.ഒ (മൂർക്കനിക്കര സർക്കിൾ) | 01-04-2024 | 20-01-2025 |
| അന്ന കെ സജീവ് | വി.ഇ.ഒ (മൂർക്കനിക്കര സർക്കിൾ) | 21-01-2025 | 04-02-2025 |
| അനൂപിയ | വി.ഇ.ഒ (മൂർക്കനിക്കര സർക്കിൾ) | 05-02-2025 | 31-03-2025 |
| സുരഭി ടി. എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 11-08-2024 |
| ഫാത്തിമ എസ്. എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| സൈന പി. ബി | ഹെഡ് മിസ്ട്രസ്സ് (ജി.യു.പി.എസ്), മൂർക്കനിക്കര | 01-04-2024 | 14-06-2024 |
| വഹീദ കെ. എസ് | ഹെഡ് മിസ്ട്രസ്സ് (ജി.യു.പി.എസ്), | 15-06-2024 | 31-03-2025 |

| | | | |
|---|---|---|---|
| | മൂർക്കനിക്കര | | |
| ജോയിനി ജേക്കബ്ബ് എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| സീന കെ. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| അനു. പി. പ്രഭ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ചേർത്തിട്ടില്ല | 1-1-1 |
| 3 | മുൻകൂർ നൽകിയ തുക ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-2 |
| 4 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി ഇനത്തിൽ കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-8 |
| 10 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ബാങ്ക് റീകൺസീലിയേഷൻ പത്രിക- അപാകത | 1-1-10 |
| 12 | വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഫണ്ട് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | ക്ഷേമ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-9 |
| 22 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ | 1-10 |
| 23 | വാടക - അപാകങ്ങൾ | 1-11 |
| 24 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 25 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 26 | RDO യുടെ അനുമതി ലഭ്യമാക്കാതെ വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു | 1-14 |

| | | |
|---|---|---|
| 27 | കെട്ടിടങ്ങളെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 28 | എച്ച് .ഡി .പി .ഇ .ചട്ടി വിതരണം -- ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-16 |
| 29 | തുടർ സാക്ഷരത പ്രവർത്തനം(തുല്യത പരീക്ഷ)- പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണ് | 1-17 |
| 30 | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക കൈമാറിയത് നാളിതുവരെയും ചെലവഴിച്ചിട്ടില്ല | 1-18 |
| 31 | അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം ആനുപാതികമായി ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-19 |
| 32 | പകൽ വീട് - നാളിതുവരെയും പ്രവർത്തനസജ്ജമായിട്ടില്ല | 1-20 |
| 33 | തുക മുൻകൂർ നൽകിയിട്ടും ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-21 |
| 34 | വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല | 1-22 |
| 35 | ലൈഫ് ഭവന പദ്ധതി - വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-23 |
| 36 | തുക മുൻകൂർ നൽകിയിട്ടും നാളിതു വരെ അലോപ്പതി മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-24 |
| 37 | വീടുകളിലേക്ക് ബയോ കംപോസ്റ്റർ ബിൻ നൽകൽ -തുടർ നിരീക്ഷണം ഉറപ്പാക്കിയില്ല | 1-25 |
| 38 | വിതരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-26 |
| 39 | കറവപ്പശു വിതരണം -- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-27 |
| 40 | വാട്ടർ ടാങ്ക് ലേലം ചെയ്തിട്ടില്ല | 1-28 |
| 41 | സൈഡ് ഷട്ടറിംഗ് നടത്താത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക നൽകി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരിച്ചടച്ചു | 1-29 |
| 42 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-രേഖകളുടെ സൂക്ഷിപ്പിലും, കരാറിലെ വ്യവസ്ഥകൾ കാലാനുസൃതമാക്കുന്നതിലും അപാകങ്ങൾ | 1-30 |
| 43 | കരാർ കാലാവധി യഥാർത്ഥ കാലാവധിയുടെ 50% ലധികം നീട്ടി നൽകുന്നതിന് ഭരണ സമിതി അംഗീകാരം ലഭ്യമാക്കണം | 1- 31 |
| 44 | ആശ്രയ വിഹിതം നാളിതുവരെ ചെലവഴിച്ചിട്ടില്ല | 1-32 |
| 45 | തുമ്പൂർമൂഴി മോഡൽ പ്ലാന്റ് സ്ഥാപിക്കൽ -- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 46 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-34 |
| 47 | വിശപ്പുരഹിതഗ്രാമം - ജനകീയഹോട്ടൽ നടത്തിപ്പുകാരിൽ നിന്ന് വാടക ഈടാക്കിയിട്ടില്ല ചെലവ് തുക 151008 രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 48 | തെരുവുവിളക്ക് പരിപാലനം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-36 |
| 49 | ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-37 |
| 50 | കുടിവെള്ളക്കരം - ഭീമമായ കുടിശ്ശിക- വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-38 |

| | | |
|---|---|---|
| 51 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം-തുടർ നടപടി സ്വീകരിക്കണം-ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 1-39 |
| 52 | മരാമത്ത് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ്, പാറ, സ്ക്രാപ്പ് സ്റ്റീൽ എന്നിവയുടെ ലേലം- തുടർ നടപടി വിവരം ലഭ്യമാക്കണം | 1-40 |
| 53 | തൊഴിലുറപ്പ് പദ്ധതിയ്ക്കായി വാങ്ങിയ കയർ ഭൂവസ്ത്രം പൂർണ്ണമായി വിനിയോഗിച്ചില്ല | 1-41 |
| 54 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം അവലോകനം | 1-42 |
| 55 | ജലജീവൻ മിഷൻ അവലോകനം | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയിൽ 31.3.25 ന് ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2025 തീയതിയിലെ 6-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.07.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നടത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :17.11.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ചേർത്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | കോഡ്, ഹെഡ് | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 450240148-<br>PNB ജലജീവൻ മിഷൻ | 2588000100106728 | 8,87,316 |
| 2 | 450210101- ഭവനനിധി | 40728101003703 | 13,739 |
| 3 | 450210101-<br>ലൈഫ്-2020 | 41505286526 | 12,30,000 |

## 1-1-2 മുൻകൂർ നൽകിയ തുക ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം അലോപ്പതി, ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നമ്പരും പേരും | തുക (ഫണ്ടിനം) | വൗച്ചർനം./തീയതി | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|
| 51/25- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 3,00,000 (Maintenance Fund - Non-Road) | **42401717/ 23.09.2024** | 2,32,440 | 67560 | 251110208 – Medical Institution-Homoeo-Purchase Of Medcines In Health Institutions |
| 72/25- അലോപ്പതി മരുന്നുകൾ ആശുപത്രിയിലേക്ക് വാങ്ങൽ | 701402 (Maintenance Fund - Non-Road) | 42401728/07.10.24- ₹29,682 | ₹12,407 | ₹17,275 | 251110008 – Medical Institution-Allopathy-Purchase Of Medcines In Health Institutions |
| | | 42401727/07.10.24- ₹3,77,462 | ₹1,96,638 | ₹1,80,824 | |
| | | 42401748/20.11.24- ₹2,94,258 | ലഭിച്ചിട്ടില്ല | ₹2,94,258 | |
| 5/25- സാന്ത്വന പരിചരണം-പാലിയേറ്റീവ് കെയർ | ₹2,25,708 (ജില്ല പഞ്ചായത്ത് വിഹിതം) | 42401814/08.01.25- ₹2,25,708 | ₹2,18,681 | ₹7,027 | 251110501- Health Related Activties-Palliative Care |
| | ₹99,851 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 42401837/28.01.25- ₹99,851 | ലഭിച്ചിട്ടില്ല | ₹99,851 | |
| | ₹43,231 (വികസന ഫണ്ട്-ജനറൽ) | 42401826/25.01.25- ₹43,231 | ₹42,026 | ₹1,205 | |
| | ₹29,680 (വികസന ഫണ്ട് -ജനറൽ) | 42401927/19.03.25- ₹29,680 | ലഭിച്ചിട്ടില്ല | ₹29,680 | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2025-26 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-3 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2024-25 വർഷത്തെ Income And Expenditure പത്രിക പ്രകാരം 84,61,879 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രീസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-4 വസ്തുനികുതി ഇനത്തിൽ കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റ് തുകകൾ അവശേഷിക്കുന്നതായി കാണുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഇനം | 2024-25 ൽ മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റ് തുകകൾ |
|---|---|---|
| 340100301 | Contractors Retention | 1,19,567 |
| 340100203 | Bidders' Security Deposit | 350 |
| 340109901 | Other Deposit | 15,807 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ച് നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45,68,158/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 85,196/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-7 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}

### 1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-9 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക(₹) |
|---|---|---|
| **110100101- Property Tax On Residential Buildings** | 42401639/31.03.25 | 42,19,867 |
| **110100102- Property Tax On Non-Residential Buildings** | 42401640/31.03.25 | 30,51,712 |
| **110100104- Service Cess On Property Tax** | 42401644/31-03-2025 | 7,29,868 |

### 1-1-10 ബാങ്ക് റീകൺസീലിയേഷൻ പത്രിക- അപാകത

A) ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് തുകയും യഥാർത്ഥ പാസ്ബുക്ക് ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | 31.03.2025 ലെ | ബാങ്ക് |
|---|---|---|

| | യഥാർത്ഥ പാസ്ബുക്ക് ബാലൻസ് തുക | റീകൺസിലിയേഷൻ പത്രിക പ്രകാരം പാസ്ബുക്ക് ബാലൻസ് തുക |
|---|---|---|
| Moorkanikkara Service Co-Op Bank (Account No. 0101007056) | 515 | 500 |

B) ബാങ്ക് റീകൺസിലിയേഷൻ സംബന്ധിച്ച് പരിശോധനയ്ക്കായി താഴെ പറയുന്ന ട്രഷറി അക്കൗണ്ടിന്റെ (ബാലൻസ് ഷീറ്റ് B-17 പ്രകാരം) പാസ് ബുക്ക് ലഭ്യമായില്ല.

| ട്രഷറി അക്കൗണ്ട് | തുക |
|---|---|
| Treasury Account Of Traditional Functional Functions Fund | 29,427 |

## 1-1-11 വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തൻവർഷം**

റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | ₹41,81,614 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | ₹41,72,771<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | ₹29,60,109 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | ₹29,52,108<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

**കുടിശ്ശിക**

റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | ₹72,847 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *₹40,588<br>*(2023-24ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (16252+26365=42617x100/105) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | ₹10,33,084 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *₹2,30,917<br>*(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (76435+166028= 242463x100/105) |

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 14.02.2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | ₹34,59,55,814 | ₹33,54,55,814 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 20.03.2025 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | ₹28,26,60,404 | ₹27,29,02,327 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ *നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,15,38,000 | 2,15,38,000 | 2,15,38,000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 52,23,000 | 52,23,000 | 52,23,000 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3,24,000 | 3,24,000 | 3,24,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 2,01,06,000 | 2,01,06,000 | 92,13,629 | 1,08,92,371 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 1,14,99,000 | 1,14,99,000 | 1,11,42,996 | 356004 |
| *ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക് | 6,40,674 | 38,34,209 | 44,74,883 | 24,17,437 | 20,57,446 |
| *ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)ബാങ്ക് | 0 | 76,78,000 | 76,78,000 | 46,63,203 | 30,14,797 |
| Other Schemes-ബഡ്സ് റീഹാബിലിറ്റേഷൻ-സാമൂഹ്യക്ഷേമം | 19,570 | 1,432 | 21,002 | 0 | 21,002 |
| Rural Infrastructure Development Fund-KIFBI | 6,58,202 | 0 | 6,58,202 | 0 | 6,58,202 |
| Flood Relief Grant | 3,32,180 | 0 | 3,321,80 | 0 | 3,32,180 |
| ICDS | 10,92,365 | 23,91,188 | 34,83,553 | 10,66,279 | 24,17,274 |
| Grant From Suchitwa Mission | 3,856 | 13,17,896 | 13,21,752 | 13,17,896 | 3,856 |
| Health Grant | 3,87,767 | 6,83,498 | 10,71,265 | 3,78,864 | 6,92,401 |
| Health Grant-Diagnostic Infrastructure To The PHCs | 9,19,493 | 4,58,238 | 13,77,731 | 3,53,670 | 10,24,061 |
| Other Liabilities | 5,414 | 0 | 5,414 | 0 | 5,414 |
| Development Fund-General- Capital | 2,00,000 | 0 | 2,00,000 | 0 | 2,00,000 |
| Other Purposes-Buds, ഭവന നിധി | 9,68,109 | 0 | 9,68,109 | 33,500 | 9,34,609 |
| Total Sanitation-PBIG | 1,88,956 | 0 | 1,88,956 | 80,500 | 1,08,546 |
| Other Govt Agencies-എം.എൻ.ലക്ഷം വീട്, ലൈഫ് സ്റ്റേറ്റ് വിഹിതം | 13,94,157 | 8,00,000 | 21,94,157 | 10,17,835 | 11,76,322 |
| Joint Venture-District Panchayat | 1,39,419 | 0 | 1,39,419 | 1,36,287 | 3,132 |

| | | | | | |
|---|---|---|---|---|---|
| Beneficiary Contributions | 8,30,756 | 1,53,400 | 9,84,156 | 1,48,400 | 8,35,756 |

കുറിപ്പ്-

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ചെലവഴിക്കാതെ കിടക്കുന്ന ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ ചെലവഴിക്കാത്തപക്ഷം സ്രോതസ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്+അൺടൈഡ്) ചെലവ് തുക ₹70,80,584 രൂപ ആണ്. (വ്യത്യാസം ₹56 രൂപ).

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 276 | 17,98,18,391 | 200 | 8,08,03,315 | 44.94 | 72.46 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 9,61,187 | 9,61,187 | 9,61,187 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (Unskilled) | 0 | 1,09,39,925 | 1,09,39,925 | 1,09,39,925 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (Semi Skilled) | 0 | 1,46,053 | 1,46,053 | 1,46,053 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 9,12,262 | 9,12,262 | 9,12,262 | 0 |
| മെറ്റിരീയൽ കോസ്റ്റ് പലിശ | 0 | 0 | 0 | 0 | 0 |
| **ആകെ** | **0** | **1,29,59,427** | **1,29,59,427** | **1,29,59,427** | **0** |

## 1-6 ക്ഷേമ പദ്ധതികൾ

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവു തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 35,80,600 | 217 |

| | | |
|---|---|---|
| വിധവാപെൻഷൻ | 2,15,46,300 | 1420 |
| വാർദ്ധക്യകാലപെൻഷൻ | 3,93,37,500 | 2786 |
| വികലാംഗപെൻഷൻ | 47,85,600 | 301 |
| 50 വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 31,17,000 | 209 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,50,000 | 5 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2025 തീയതിയിൽ 3:00 PM ന് പഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,805 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം | സ്ഥാപനം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 5/69,70,72,73 | സെക്രട്ടറി, കുട്ടാല ക്ഷീരോത്പാദക സഹകരണ സംഘം | 1 |
| 2 | 17/464J | കാർമ്മൽ മെഡിക്കൽ സർജിക്കൽ എക്യുപ്മെന്റ് മാനുഫാക്ച്ചേഴ്സ്,നടത്തറ | 6 |
| 3 | 1/471 A | സമീറ കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് , നടത്തറ | 2 |
| 4 | 15/96 | വി ഗ്യാസ് എന്റർപ്രൈസസ്, ഇരവിമംഗലം | 4 |
| | | | |

| | | | |
|---|---|---|---|
| 5 | 17/519 | ഹോണസ്റ്റ് ബിൽഡിംഗ് മെറ്റീരിയൽസ് നടത്തറ | 3 |
| 6 | 6/435 B | ശില്പീസ് വുഡ് ക്രാഫ്റ്റ്, വലക്കാവ് | 5 |
| 7 | 11/654 | തിരുവോണം ഗോൾഡ് വർക്സ്, മൂർക്കനിക്കര | 3 |
| 8 | 12/416 B | ദി പ്ലെ കിംഗ്ഡം, പൂച്ചട്ടി | 4 |
| 9 | 11/247 | ജംബോ ബാഗ് ലിമിറ്റഡ് , മൂർക്കനിക്കര | 1 |
| 10 | 1/39 A | കൃഷ്ണ എഞ്ചിനീയർ വർക്സ്, നടത്തറ | 2 |
| 11 | 15/328 | മദർ എഞ്ചിനീയറിംഗ് വർക്സ്, ഇരവിമംഗലം | 3 |
| 12 | 11/662 | ജോറ കോൺക്രീറ്റ് ബ്ലോക്സ്, മൂർക്കനിക്കര | 1 |
| 13 | 12/217 B | നീലങ്കാവിൽ ഇന്റർലോക്ക് ടൈൽസ്, മൂർക്കനിക്കര | 4 |
| 14 | 2/225 B | എം.സി.എം. എഞ്ചിനീയറിംഗ്, നടത്തറ | 5 |
| 15 | 5/208 | അതുൽ ഹോളോബ്രിക്സ് , മുളയം | 5 |
| 16 | 12/219 | നീലങ്കാവിൽ ഹോളോബ്രിക്സ്, മൂർക്കനിക്കര | 4 |

2. തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 1149/2024/LSGD നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യമുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച/പുതുക്കിയ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി മുൻകൂറായി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിൽ 300, 450, 600 എന്നീ നിരക്കുകളിൽ തൊഴിൽ നികുതി ഈടാക്കിയിരുന്ന സ്ഥാപന ഉടമകളിൽ നിന്നും രണ്ടാം അർദ്ധവർഷത്തിലും അതേ നിരക്കിൽ തന്നെയാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. രണ്ടാം അർദ്ധ വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിച്ച നിരക്കിലുള്ള നികുതി മേൽ സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/26.08.2025) മറുപടിയായി ക്രമ നമ്പർ 1 ൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1994 ലെ പഞ്ചായത്ത് രാജ് നിയമം, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ക്രമ നമ്പർ 1 ൽ പരാമർശിച്ച സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും, പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ

തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്. ക്രമ നമ്പർ (2) പ്രകാരം സ്ഥാപന ഉടമകളിൽ നിന്നും വരുമാനം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കി തൊഴിൽ നികുതി പരിഷ്കരണം നടപ്പിലാക്കി നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്.

## 1-10 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ ലൈസൻസ് കൂടാതെ നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

**1) FTEA&O ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.**

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനാംഗങ്ങൾ 100% ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ കോഡ്പതിച്ച സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 664 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 20 |
| 3 | ഓഡിറ്റോറിയം | 18 |
| 4 | പൗൾട്രി/സ്ലോട്ടർ/ഫിഷ് സ്റ്റാൾ | 7 |
| 5 | ഹോട്ടൽ/ഫുഡ് കോർട്ട് | 15 |
| 6 | സലൂൺ / സ്പാ | 23 |
| 7 | ഓഫീസ് കെട്ടിടങ്ങൾ | 113 |
| | ലോഡ്ജ്/ഹോസ്റ്റൽ | 5 |
| **ആകെ** | | **865** |

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ 610 സ്ഥാപനങ്ങളിൽ നിന്നാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും ഹരിതമിത്രം ആപ്ലിക്കേഷനിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കുകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.08.2025) മറുപടിയായി ഫീൽഡ്തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തി ആയവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

**2) ക്രിമേഷൻ സെന്ററിന്റെ പ്രവർത്തനം നിയമാനുസൃതമല്ല.**

1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ)ചട്ടങ്ങൾ ചട്ടം 6 (1) പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നുള്ള ലൈസൻസ് കൂടാതെ ശവം മറവു ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ പൊതുവായതോ സ്വകാര്യമായതോ ആയ യാതൊരു പുതിയ സ്ഥലവും ഏർപ്പെടുത്തുകയോ നിർമ്മിക്കുകയോ അല്ലെങ്കിൽ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ഗ്രാമ പഞ്ചായത്തിലെ വിവരാവകാശ-ഫയൽ നം. 6677/2024 പരിശോധിച്ചതിൻ പ്രകാരം 4-ാം വാർഡിൽ ഡാമിയൻ ക്രിമേഷൻ സെന്റർ, മുളയം എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയതിന്റെ രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനം ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 12/26.08.2025) ക്രിമേഷൻ സെന്ററിനെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വാടക - അപാകങ്ങൾ

2024-25 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ താഴെപ്പറയുന്ന കടമുറികൾ 2024-25 സാമ്പത്തിക വർഷത്തിൽ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ഈ കടമുറികൾ ലേലം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | സ്ഥലം |
|---|---|---|
| A | 15 | പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സ് |
| B | 16 | പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സ് |
| C | 4 | വനിത കൈത്തൊഴിൽ വിപണനകേന്ദ്രം |

2. പഞ്ചായത്തിന്റെ വാടക രജിസ്റ്റർ, വാടക കരാർ (കരാർ നം. 13/2024-25) എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സിലെ 17ാം നമ്പർ കടമുറി 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ ജോജു, വടക്കേത്തല വീട്, പി.ഒ. കൊഴുക്കുള്ളി എന്നവർക്ക് വാടകക്ക് നൽകിയിരുന്നു. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 2024 ഓഗസ്റ്റ് മുതൽ 2025 മാർച്ച് വരെയുള്ള മാസങ്ങളിലെ വാടക തുകയായ 10,504 രൂപ (1313 X 8) മേൽ വ്യക്തിയിൽ നിന്ന് ഈടാക്കിയിട്ടില്ല.

3. വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

2024-25 വർഷം പഞ്ചായത്ത് വക കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ 1,07,953 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

| 2024-25 കുടിശ്ശിക | മുന്നിരിപ്പ് | വരവ് | നീക്കിയിരിപ്പ് |
|---|---|---|---|
| | 1,12,953 | 5,000 | 1,07,953 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/26.08.2025) മറുപടിയായി ക്രമ നമ്പർ 1 ലെ കടമുറികളുടെ ഷട്ടറുകൾ കേടായ അവസ്ഥയിലാണെന്നും ക്രമ നമ്പർ 2,3 എന്നീ കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റിപ്പയറിംഗ് പ്രവൃത്തികൾ ചെയ്ത് കടമുറികൾ ലേലം ചെയ്യുന്നതിനുള്ള ഊർജിത നടപടി സ്വീകരിക്കേണ്ടതും വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

4. വാടക ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

കടമുറികളുടെ വാടകയുമായി ബന്ധപ്പെട്ട നിബന്ധനകളുൾപ്പെടുത്തി പഞ്ചായത്തുകൾ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ് . മേൽ വിഷയം സംബന്ധിച്ച എൻക്വയറിക്ക് മറുപടിയായി വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയ ബൈലോ പ്രളയത്തിൽ നഷ്ടപ്പെട്ടുവെന്ന് അറിയിച്ചിട്ടുണ്ട്. ബൈലോയുടെ അഭാവത്തിൽ ടി ഇനങ്ങളിലെ അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയുടെ നിയമസാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-12 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നതിൽനിന്ന് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207(1) (ബിഎ) 2023ലെ 18ആം ഭേദഗതി ആക്ടിലൂടെ 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട് (28.03.2023 ലെ നമ്പർ 15(2)/ലെജി. എ2/2023/നിയമം). എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നാളിതുവരെയായിട്ടും താഴെച്ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ല.

| വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം |
|---|---|

| | |
|---|---|
| 12/567, 12/572, 12/573, 12/573 A, 12/574, 12/574 A | ഭാരതീയ വിദ്യാഭവൻ, പൂച്ചട്ടി |

ചട്ടഭേദഗതി വന്നതിനു ശേഷം മേൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/26.08.2025) മറുപടിയായി മേൽ സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
സ്ഥാപനത്തിന്റെ നിലവിലെ വിസ്തീർണ്ണം കൃത്യമായി അളന്ന് ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2012ലെ കേരള പഞ്ചായത്ത് രാജ് ( ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ 3 (1) ചട്ടത്തിന് 2024 ലെ പരിഷ്കരണപ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടു പോകുന്നതോ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232 ആം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവർത്തിയായിരിക്കുന്നതാണ്.
കന്നുകാലിഫാം - പത്ത് മൃഗങ്ങൾ
ആട് ഫാം - അൻപത് മൃഗങ്ങൾ
പന്നിഫാം - അഞ്ച് മൃഗങ്ങൾ
മുയൽ ഫാം - അൻപത് മൃഗങ്ങൾ
പൗൾട്രി ഫാം - അഞ്ഞൂറ് പക്ഷികൾ
കാട ഫാം - ആയിരം പക്ഷികൾ
ടർക്കി ഫാം- അൻപത് പക്ഷികൾ
ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയിട്ടില്ല.
ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ, ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഇവ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | വാർഡ് നമ്പർ | കന്നുകാലികളുടെ എണ്ണം |
|---|---|---|---|
| 1 | വേണുഗോപാൽ, തലപ്പിള്ളി | 9 | പശു – 34 |
| 2 | ലിസ്സി പടിക്കാല | 12 | പശു – 11 |
| 3 | രാധാകൃഷ്ണൻ, തട്ടാംപറമ്പിൽ | 11 | പശു – 15 |

പഞ്ചായത്ത് പരിധിയിൽ, മേൽ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/27.08.2025) മറുപടിയായി മേൽ പട്ടികയിലെ ഫാമുകൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ ഫാമുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. തുടർ

നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 RDO യുടെ അനുമതി ലഭ്യമാക്കാതെ വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

ഫയൽ നമ്പർ 1334/2024 പരിശോധിച്ചതിൽ പ്രകാരം എച്ച്&സി പബ്ലിക്കേഷൻസ്, വർഗീസ് തെക്കേക്കര ഹൗസ്, ഈസ്റ്റ് ഫോർട്ട് എന്നവരുടെ ഉടമസ്ഥതയിലുള്ള 226/3 (310 ച.മീ), 226/6 (812 ച.മീ) എന്നീ റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 1122 ച.മീ വിസ്തീർണ്ണം ഉള്ള പ്ലോട്ടിൽ 1416.12 ച.മീ (GF-462.44 + FF-462.44 + SF-462.44 +Stair Cabin & Lift 28.80) വിസ്തീർണ്ണമുള്ള വാണിജ്യ ഉപയോഗ ഗണത്തിൽ വരുന്ന കെട്ടിടം നിർമ്മിക്കുന്നതിനായി 22.02.2022 തീയതിയിൽ A7-BA (67049)/2022 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം നടത്തറ വില്ലേജിലുള്ള റീസർവ്വേ നമ്പർ 226/3 ഇൽ ഉള്ള 0.0310 ഹെക്ടർ ഭൂമി നിലമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂമി തരം മാറ്റി കെട്ടിടം നിർമ്മിക്കുന്നതിന് തൃശ്ശൂർ റവന്യ ഡിവിഷൻ ഓഫീസർ നൽകിയ ഉത്തരവ് നമ്പർ: ഡി.1 15258/2019 തീയതി 20.10.2020 പ്രകാരം 3000 ച.അടി വരെ വിസ്തീർണ്ണം ഉള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

ഇപ്രകാരം അനുമതി ലഭിച്ച ഭൂമി ഉൾപ്പെടുന്ന പ്ലോട്ടിൽ നിർമ്മിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ ബിൽറ്റ് അപ്പ് ഏരിയ ആയ 1416.11 ച.മീ ആണ്.(G.F.393.13 + Ground Floor Porch 69.30 + F.F. 462.44 + S.F. 462.44 +Stair Cabin & Lift 28.80) (15237.45 ച.അടി വിസ്തീർണ്ണം.) ഈ കെട്ടിടങ്ങൾക്ക് 17/100 A, 17/100 B, 17/100 C എന്നിങ്ങനെ കെട്ടിട നമ്പറുകൾ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. RDO യുടെ ഉത്തരവ് പ്രകാരം തരം മാറ്റിയ ഭൂമിയിൽ നടത്തിയ നിർമ്മാണത്തിന്റെ വിസ്തീർണം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനായി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ തരംമാറ്റിയ ഭൂമിയുടെ വിസ്തീർണ്ണം പ്രത്യേകമായി മാർക്ക് ചെയ്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആകെ നിർമ്മിച്ച 15237.45 ച.അടിയിൽ തരംമാറ്റിയ ഭൂമിയിലുൾപ്പെടുന്ന നിർമ്മാണത്തിന്റെ വിസ്തീർണ്ണവും രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യം പരിശോധിക്കാതെ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.24/27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

2008 ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ വകുപ്പ് 14 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും എന്തുതന്നെ അടങ്ങിയിരുന്നാലും നിയമത്തിന് വിരുദ്ധമായി പരിവർത്തനപ്പെടുത്തിയ നെൽവയലിലോ, തണ്ണീർത്തടത്തിലോ, വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വഭാവ വ്യതിയാനം വരുത്തിയ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ എന്തെങ്കിലും പ്രവൃത്തിയോ, നിർമ്മാണമോ നടത്തുന്നതിനുള്ള യാതൊരു ലൈസൻസും തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 3000 ച.അടി വരെയുള്ള നിർമ്മാണത്തിനാണ് RDO അനുമതി നൽകിയിട്ടുള്ളത് എന്നതിനാൽ 15237.45 ച.അടി നിർമ്മാണത്തിനുള്ള പെർമിറ്റ് ഗ്രാമപഞ്ചായത്ത് അനുവദിച്ചത് നിയമാനുസൃതമല്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6 (4എ) പ്രകാരം സൈറ്റ് പ്ലാനിൽ ഫ്ലോർ സ്പേസ് ഇൻഡക്സ്, കവറേജ് എന്നിവ കൃത്യമായി കാണിക്കേണ്ടതാണ്. ആയതു പ്രകാരം 226/3 (310 ച.മീ.) റീസർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയടക്കം ആകെ 1122 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്തിനാണ് ഫ്ലോർ സ്പേസ് ഇൻഡക്സ്, കവറേജ് എന്നിവ കണക്കാക്കിയിട്ടുള്ളത്. നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ, അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ വീതം 2018-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ (ഭേദഗതി)ചട്ടങ്ങളിലെ ചട്ടം 12(9)-ന്റെ പട്ടികയിലെ കുറിപ്പ്(1) പ്രകാരം ഫീസ് ഒടുക്കേണ്ടതാണ്. ബഹു. ഹൈക്കോടതിയുടെ 09.01.2025 ലെ WP(c)No.2785/2021 കേസിലെ വിധിന്യായത്തിൽ മേൽ കേസിൽ കക്ഷി ചേർന്നിട്ടുള്ള ആളുകളെ മാത്രമേ മേൽ പ്രകാരമുള്ള ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. എന്നാൽ ഇത്തരത്തിൽ തുക അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത കെട്ടിടത്തിന് ഫയർ & സേഫ്റ്റി ഡിപ്പാർട്മെന്റിൽ നിന്നുള്ള 23.02.2024 ലെ FRS/08/TSR/22214/2024/ FINAL NOC പ്രകാരം ആകെ ബിൽറ്റ് അപ്പ് ഏരിയ 1348.61 ച.മീ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ ബിൽറ്റ് അപ്പ് ഏരിയ 1416.11 ച.മീ ആണ്. 2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 5 ഉപചട്ടം 4-12 പ്രകാരം ആകെ ബിൽറ്റ് അപ്പ് ഏരിയക്ക് ഫയർ & സേഫ്റ്റി ഡിപ്പാർട്മെന്റിൽ നിന്നുള്ള NOC ലഭ്യമാക്കേണ്ടതാണ്. ആയതുപ്രകാരം മുഴുവൻ ബിൽറ്റ് അപ്പ് ഏരിയക്കുള്ള

എൻ.ഒ.സി. ഫയർ & സേഫ്റ്റി ഡിപ്പാർട്മെന്റിൽ നിന്ന് ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ തുടർ നടപടി സ്വീകരിച്ച് അനുബന്ധ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1. 5162/2024 നമ്പർ ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധിച്ചതിൻ പ്രകാരം ശ്രീ രഘുനാഥൻ, എടത്തറ ഹൗസ്, മുളയം എന്നവരുടെ ഉടമസ്ഥതയിലുള്ള, നടത്തറ വില്ലേജിലെ 251/4-1 (202 ച.മീ.), 250/1 (303 ച.മീ.) എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 505 ച.മീ. പ്ലോട്ട് ഏരിയയിൽ 154.19 ച.മീ. വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ കെട്ടിടം ക്രമവത്കരിക്കുന്നതിന് 11.09.2024 ന് കംപ്ലീഷൻ പ്ലാൻ സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. ടി സർവ്വേ നമ്പറുകളിൽ ഭൂമിയുടെ തരം നിലമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റീസർവ്വേ നമ്പർ 251/4-1 ൽ 202 ച.മീ. വിസ്തീർണ്ണമുള്ള ഭൂമിയിൽ തൃശ്ശൂർ സബ് കളക്ടറുടെ ഫയൽ നമ്പർ 572/2024 നടപടിക്രമം തീയ്യതി 07.01.2024 പ്രകാരം 3000 ച. അടി വരെ വിസ്തീർണ്ണം ഉള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഓവർസീയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം നിലവിൽ സർവ്വേ നമ്പർ 251/4-1 ൽ തരം മാറ്റിയ ഭൂമിയിലും(202 ച.മീ.), 250/1 ൽ ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത, തരം "നിലമായ" ഭൂമിയിലും(303 ച.മീ.) ഉൾപ്പെടെ ആകെ 505 ച.മീ. സ്ഥലത്താണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്നും, 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥയനുസരിച്ച്, ഭൂമിയുടെ തരം നിലം ആയതും ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ പരമാവധി 120 ച.മീ. വിസ്തീർണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയേ നല്കാനാകൂ എന്നും മേൽ കെട്ടിടത്തിന്റെ വിസ്തീർണം 154.19 ച.മീ. ആയതിനാൽ ബാക്കിയുള്ള ഭൂമിയുടെ തരം മാറ്റിയതിനുശേഷമേ കെട്ടിടം ക്രമവൽക്കരിക്കാൻ സാധിക്കുകയുള്ളൂ എന്നും സെക്രട്ടറി 08.01.2025-ൽ അപേക്ഷകനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മേൽ കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല.

2. 4618/2024 നമ്പർ ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധിച്ചതിൻ പ്രകാരം അശ്വിനി ഹോസ്പിറ്റൽ ലിമിറ്റഡ്, നടത്തറ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള നടത്തറ വില്ലേജിൽ താഴെപ്പറയുന്ന സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 23419 ച.മീ. സ്ഥലത്ത് 8236.79 ച.മീ. വിസ്തീർണ്ണമുള്ള വ്യത്യസ്ത ഉപയോഗഗണത്തിലുള്ള കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് 13.08.2024 ന് അപേക്ഷ സമർപ്പിച്ചിരുന്നു.

| സർവ്വേ നമ്പർ | ഭൂമിയുടെ തരം | പ്ലോട്ട് ഏരിയ |
|---|---|---|
| 228/73 | നിലം | 51 ച. മീ. |
| 228/79 | പുരയിടം | 1 ഹെ. 22 ആർ. 24 ച. മീ. |
| 228/82 | നിലം | 71 ആർ 36 ച. മീ. |
| 194/44 | പുരയിടം | 40 ആർ 8 ച. മീ. |
| | ആകെ | 23419 ച. മീ. |

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം | ച. മീ. വിസ്തീർണ്ണം |
|---|---|
| കാന്റീൻ കെട്ടിടം | 255.47 |
| പാരാമെഡിക്കൽ ക്ലാസ് റൂം | 517.86 |
| പി.ജി. ബ്ലോക്ക് | 532.42 |
| അക്കാഡമിക് ബ്ലോക്ക് | 1476.84 |
| ലാബ് ബ്ലോക്ക് | 1012.82 |
| ഗേൾസ് ഹോസ്റ്റൽ | 3151.40 |

| | |
|---|---|
| ആഡിറ്റോറിയം | 1289.98 |
| **ആകെ** | **8236.79** |

എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം അശ്വിനി ഹോസ്പിറ്റൽ ലിമിറ്റഡ്, നടത്തറ എന്ന സ്ഥാപനം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക്, 2019 KPBR ചട്ടങ്ങൾ പ്രകാരം അപാകങ്ങളുണ്ടെന്നും കൂടാതെ സർവ്വേ നമ്പർ 228/73, 228/82 എന്നിവ പ്രകാരം ഭൂമിയുടെ തരം നിലമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നുമുള്ള വിവരങ്ങൾ സെക്രട്ടറി 24.09.2024 തീയതിയിൽ അപേക്ഷകനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. നാളിതുവരെ കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചതായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1) ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെ മേൽ ചട്ടപ്രകാരമുള്ള യു.എ. നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്. ആയതുപ്രകാരം ക്രമ നമ്പർ 1, 2 പ്രകാരം പരാമർശിക്കുന്ന കെട്ടിടങ്ങളെ ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും ക്രമവൽക്കരിക്കുന്നത് വരെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 25/27.08.25)

## 1-16 എച്ച് .ഡി .പി .ഇ .ചട്ടി വിതരണം -- ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പറും പേരും | 98/25 വീട്ടുമുറ്റത്തും മട്ടുപ്പാവിലും പച്ചക്കറി കൃഷി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 3,40,000(3,15,000 വികസന ഫണ്ട്- പൊതുവിഭാഗം,<br>25,000- ഗുണഭോക്തൃവിഹിതം ) |
| ചെലവഴിച്ച തുക | 3,40,000 |
| വൗച്ചർ നമ്പർ/ തീയതി, തുക | 42401792/27.12.24 – 2,82,650<br>42401873 /07.03.2025 – 32,350<br>42401226 /01.02.2025 -- 25,000 |
| സപ്ളൈ ചെയ്ത സ്ഥാപനം | കർഷകമിത്രകാർഷിക കർമ്മസേന, മൂർക്കനിക്കര<br>(മൂർക്കനിക്കര സർവീസ് കോഓപ്പറേറ്റീവ് ബാങ്ക്) |
| ഇൻവോയ്സ് നം. | 4624/23.12.24 – 500 എണ്ണം – 1,00,000 |

മേൽ പ്രോജക്റ്റ് പ്രകാരം ഒരു കുടുംബത്തിന് പോട്ടിംഗ് മിക്സ്ചർ നിറച്ച പരമാവധി 25 ചട്ടികൾ വീതവും പച്ചക്കറി തൈകൾ 100% സബ്സിഡിയോടുകൂടിയും ആണ് വിതരണം ചെയ്യുവാൻ വിഭാവനം ചെയ്തിട്ടുള്ളത്.

അത് പ്രകാരം കർഷകമിത്ര കാർഷിക കർമ്മസേന, മൂർക്കനിക്കര നിന്നും 500 എച്ച്.ഡി.പി.ഇ. ചട്ടികൾ പോട്ടിംഗ് മിക്സ്ചർ ഉൾപ്പെടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കാർഷികാവശ്യങ്ങൾക്കായി ഹൈ

ഡെൻസിറ്റി പോളി എത്തിലീൻ (HDPE) ചെടിച്ചട്ടി വാങ്ങി വിതരണം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ.ഉ.(സാധാ)നം.2854/2022/ത.സ്വ.ഭ.വ. തീയതി 18.11.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം വാങ്ങി വിതരണം ചെയ്യാവുന്ന ചെടിച്ചട്ടികൾക്ക് ഉണ്ടാകേണ്ട ഗുണനിലവാര മാനദണ്ഡങ്ങൾ സ.ഉ.(സാധാ)നം.2118/2023/ത.സ്വ.ഭ.വ. തീയതി 30.10.2023 പ്രകാരവും നിശ്ചയിച്ചിട്ടുണ്ട്. HDPE ചെടിച്ചട്ടികൾക്ക് 5 വർഷത്തെ വാറന്റി ഉണ്ടാകണമെന്നത് നിർബന്ധമാണ്. വാറന്റി ലഭ്യമാക്കുന്നതിന് HDPE ചെടിച്ചട്ടികൾ ഉൽപാദിപ്പിക്കുന്ന കമ്പനിയുടെ വിവരങ്ങളും, ഉൽപാദിപ്പിക്കുന്ന മാസം, വർഷം എന്നിവ ചട്ടികളിൽ ആലേഖനം ചെയ്തിരിക്കണമെന്നും, സ്റ്റിക്കർ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. HDPE ചെടിച്ചട്ടികളിൽ മേൽ പ്രകാരം രേഖപ്പെടുത്തുന്നതിനോടൊപ്പം, 5 വർഷത്തെ വാറന്റി ലഭ്യമാണെന്ന് പർച്ചേസ് ബില്ലിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണെന്ന് 09.04.2024 ലെ ഡിഎ1/25/2024/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

പ്രൊജക്ട് നടപ്പാക്കിയപ്പോൾ മേൽ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ചെടിച്ചട്ടികളുടെ സ്പെസിഫിക്കേഷൻ, 5 വർഷ ഗ്യാരണ്ടി എന്നിവ ഉറപ്പ് വരുത്തിയിട്ടില്ല. സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഉള്ളത്. HDPE ചട്ടികളുടെ ക്വാളിറ്റി പരിശോധന നടത്തി (CIPET KOCHI) ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. വിതരണം ചെയ്ത ചട്ടികൾക്ക് ഇതേ ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി റാൻഡം സാംപിളുകൾ ശേഖരിച്ച് ഗ്രാമപഞ്ചായത്ത് പരിശോധന നടത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം.33/29.8.25) മറുപടിയായി ജനകീയാസൂത്രണപദ്ധതി വഴി സ്റ്റാർട്ട്അപ്പ് ആയ കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ് എറണാകുളം വിതരണം ചെയ്ത ചെടിച്ചട്ടികൾക്ക് ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പുവരുത്തിയിട്ടുള്ളതായി കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ കർഷകമിത്ര കാർഷിക കർമ്മസേന വഴി വാങ്ങിയ ചട്ടികൾ കാവേരി ഫെർട്ടിലൈസർ വിതരണം ചെയ്തതാണെന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 തുടർ സാക്ഷരത പ്രവർത്തനം(തുല്യത പരീക്ഷ)- പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 89/25- തുടർ സാക്ഷരത പ്രവർത്തനം – തുല്യത |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്., മൂർക്കനിക്കര |
| അടങ്കൽ | ₹95,200<br>{വികസന ഫണ്ട്(ജനറൽ)- ₹45,200+ തനത് ഫണ്ട്-₹50,000} |
| ചെലവ് | ₹45,200 (വികസന ഫണ്ട്(ജനറൽ) |
| വൗച്ചർ നമ്പർ | **42401803/01.01.2025** |

സബ്സിഡി മാർഗ രേഖ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തിയതി. 28.05.22 ഖണ്ഡിക 7.4.5 പ്രകാരം സംസ്ഥാന സാക്ഷരത മിഷന്റെ നിർദേശങ്ങൾ പരിഗണിച്ച് തദ്ദേശ ഭരണ സ്ഥാപന തലത്തിലെ 4, 7, 10, +2 ക്ലാസ്സുകളിലേക്കുള്ള തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ്, കോഴ്സ് ഫീസ്, പാഠപുസ്തകങ്ങളുടെ വില, തുടർ സാക്ഷരത പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റ് ആവശ്യങ്ങൾ എന്നിവക്ക് എല്ലാ തലങ്ങളിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ആയത് പ്രകാരം നടപ്പിലാക്കിയ പദ്ധതിക്കായി തൃശ്ശൂർ ജില്ല സാക്ഷരത മിഷന്റെ EQUC/21/DLM08 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 12 പഠിതാക്കളുടെ പത്താം തരം തുല്യത പരീക്ഷ കോഴ്സ് ഫീസിനത്തിൽ 22,200 രൂപയും (1,850x12) 10 പഠിതാക്കളുടെ +2 തുല്യത പരീക്ഷ കോഴ്സ് ഫീസിനത്തിൽ 23,000 രൂപയും (2,300x10) ചേർത്ത് ആകെ 45,200 രൂപ സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഹാൾ ടിക്കറ്റ്, സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ചും,

മോണിറ്ററിംഗ് ചെയ്തതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം.16/26.08.2025) മുഖേന ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

ആകയാൽ പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ടെങ്കിൽ ഹാൾ ടിക്കറ്റ്, സർട്ടിഫിക്കറ്റ് എന്നിവയുടെ വിവരങ്ങളും, പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച് മോണിറ്ററിംഗ് ചെയ്തതിന്റെ വിശദാംശങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക കൈമാറിയത് നാളിതുവരെയും ചെലവഴിച്ചിട്ടില്ല

2024-25 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി കോക്ളിയർ ഇംപ്ലാന്റേഷൻ സർജറിക്ക വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേക്ക് (A/C No.330100580000015) 1,50,000 രൂപ നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം, |
|---|---|---|---|
| 175/25, കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - തുക കൈമാറൽ | 1,50,000 (വികസന ഫണ്ട്-ജനറൽ) | 1,50,000 (വികസന ഫണ്ട്-ജനറൽ) | 42401918/ 17.03.2025 |

രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് മെഷീൻ മെയിന്റനൻസിന്റെ ആവശ്യത്തിലേക്കാണ് തുക നൽകിയത്.

1. അസ്മിത മോൾ
2. ലയന വിജു
3. എയ്ഞ്ചൽ കെ.ജെ

28.5.2022-ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.1.2 (ബി) (2) പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്ക് വേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം. 162/2023/SJD, Dt.26.07.2023 പ്രകാരം വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകണമെന്നും, ത.സ്വ.ഭ. (ഡി. എ.) വകുപ്പിന്റെ 09.11.2023-ലെ സർക്കുലർ നം. ഡി.എ1/284/2023-ത.സ്വ.ഭ.വ. പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടികളുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

എന്നാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2023-24 ൽ ഗ്രാമപഞ്ചായത്ത് നൽകിയ 1,50,000 രൂപ പോലും മുഴുവനായി ചെലവഴിച്ചിട്ടില്ല. ആയതിൽ 41,497രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കൂടാതെ മേൽ പ്രോജക്ട് പ്രകാരം 2024-25 ൽ നൽകിയ 1,50,000രൂപയും നാളിതുവരെ ചെലവഴിച്ചിട്ടില്ല.

2023-24 ൽ നൽകിയ തുക മുഴുവനും ചെലവഴിക്കാതെ 2024-25 ൽ തുക നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/25.08.2025) മറുപടിയായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകി ചെലവഴിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ അറിയിക്കുകയും അല്ലാത്തപക്ഷം തുക തിരിച്ച് അടവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആകയാൽ കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ആവശ്യമായ തുക മാത്രം സ്റ്റേറ്റ് ഏജൻസിക്ക് കൈമാറുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം ആനുപാതികമായി ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 2024-25 സാമ്പത്തിക വർഷാവസാനത്തിൽ 24,17,274 രൂപ നീക്കിയിരിപ്പുള്ളതായി വാർഷിക ധനകാര്യപത്രിക B4 സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആവർത്തന സ്വഭാവമുള്ള ഗ്രാന്റുകൾ (കേന്ദ്ര വിഹിതം) അനുവദിക്കുന്ന സംഗതികളിൽ മുൻപ് അനുവദിച്ച ഗ്രാന്റ് തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ ബാലൻസ് തുക അടുത്ത ഗ്രാന്റ് അനുവദിക്കുമ്പോൾ പരിഗണിക്കണമെന്നും, യഥാർത്ഥ ആവശ്യകതപ്രകാരം മാത്രം ഫണ്ടുകൾ റിലീസ് ചെയ്യുന്നതിനും, അക്കൗണ്ടുകൾ അന്തിമാക്കിയ ശേഷം നൽകിയ തുകയുടെ പലിശയോ മറ്റ് വരുമാനങ്ങളോ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസൊളിഡേറ്റഡ് ഫണ്ടിലേക്ക് മടക്കി അടയ്ക്കണമെന്നും 2017 ലെ ജനറൽ ഫിനാൻസ് ചട്ടങ്ങൾ ചട്ടം 230-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരം നീക്കിയിരുപ്പുള്ള തുക അടുത്ത ഗ്രാന്റ് തുകയിൽ ക്രമീകരിക്കുന്നതിനും അഡ്വാൻസായി തുക അനുവദിക്കുന്ന സംഗതികളിൽ പലിശ ഉൾപ്പെടെ കണക്കുകൾ അന്തിമമാക്കിയശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്രവിഹിതമായി നിലവിൽ ലഭിക്കുന്ന തുക യഥാസമയം പ്രോജക്ടിലുൾപ്പെടുത്തി ചെലവഴിക്കാത്തതു മൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കാൻ ഇടയായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയിൽ മതിയായ തുക കേന്ദ്രവിഹിതമായി വകയിരുത്തിയിട്ടില്ല. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കാതിരുന്നാൽ ആയത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ട സാഹചര്യം ഉണ്ട്. ഇത്തരം സാഹചര്യം ഒഴിവാക്കേണ്ടതാണ്.

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്ര വിഹിതം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകമായി അക്കൗണ്ട് ഇല്ല. ഇതിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. സി.ഡി.പി.ഒ മുഖേന ഗ്രാമപഞ്ചായത്തിന് കൈമാറുന്ന പ്രോജക്ട് തുക തനതുഫണ്ടിൽ നിക്ഷേപിക്കുകയാണ് നിലവിൽ ചെയ്തു വരുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന തുക യഥാസമയം അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

അനുപൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ 50% തുക കെട്ടിടമില്ലാത്ത അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനോ അല്ലാത്ത പക്ഷം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ കളിയുപകരണങ്ങൾ, പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് 03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.07/25.08.2025) നൽകിയതിൽ 2025-26 വർഷം അനുപൂരക പോഷകാഹാരം, അങ്കണവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ എന്നീ പദ്ധതികൾക്കായി ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ചെലവഴിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-20 പകൽ വീട് - നാളിതുവരെയും പ്രവർത്തനസജ്ജമായിട്ടില്ല

| പ്രൊജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം. |
|---|---|---|---|
| 287/25, പകൽ വീട്- ഫർണീച്ചർ | 1,00,000 (വികസന | 30,750 (വികസന | **42401883/ 07.03.2025** |

| | | | |
|---|---|---|---|
| വാങ്ങൽ | ഫണ്ട്-ജനറൽ) | ഫണ്ട്-ജനറൽ) | |

ഗ്രാമപഞ്ചായത്തിൽ മൂർക്കനിക്കര എഫ്.എച്ച്.സിയ്ക്ക് സമീപം വയോജനങ്ങൾക്കായി പണി കഴിപ്പിച്ച പകൽവീടിന്റെ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചതാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി 2024-25 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി പകൽ വീടിലേക്കായി മേൽ പ്രോജക്ട് പ്രകാരം ഫർണീച്ചർ വാങ്ങിയിട്ടും പകൽ വീട് പ്രവർത്തനസജ്ജമായിട്ടില്ല. (ചിത്രം ചുവടെ ചേർക്കുന്നു)




മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.17/26.08.2025) മുഖേന വിശദാംശങ്ങൾ ആവശ്യപ്പെട്ടതിൽ പ്രവർത്തനത്തിനാവശ്യമായി ഫർണ്ണീച്ചർ ഇനിയും വാങ്ങിക്കാനുണ്ടെന്നും, അതിനു ശേഷം കെയർടെക്കറെ വെച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആകയാൽ പകൽ വീട് പ്രവർത്തനം ആരംഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 തുക മുൻകൂർ നൽകിയിട്ടും ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ / പേര് | 51/25- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക/ വൗച്ചർനമ്പർ | 3,00,000<br>42401717/23.09.2024 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി | PF-306/25.09.2024 |

പ്രസ്തുത പ്രൊജക്ടിൽ മരുന്ന് വാങ്ങുന്നതിനായി HOMCO യ്ക്ക് മേൽ ഇൻവോയ്സ് പ്രകാരം 3,00,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 2,32,440രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | ലഭ്യമാക്കിയ മരുന്ന് (തുക) |
|---|---|

| | |
|---|---|
| LF 2489/08.02.2025 | 98,046 |
| LF 3162/30.03.2025 | 1,02,542 |
| LF 844/18.07.2025 | 31,852 |
| ആകെ | 2,32,440 |

ശേഷിക്കുന്ന 67,560രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/26.08.2025) മറുപടിയായി കത്ത്, ഫോൺ എന്നിവ മുഖാന്തിരം മരുന്ന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു.

മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല

2024-25 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1 ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നടത്തറ സർക്കിൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പറും പേരും | പേരും മേൽ വിലാസവും | വൗച്ചർ നം. / തീയതി | തുക |
|---|---|---|---|---|
| 1 | 90/25 - വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ - പട്ടികജാതി വികസനഫണ്ട് (എസ്.സി.പി) (അടങ്കൽ -15,00,000 ചെലവ് -10,86,802 ) (50,000 X2=1,00,000) | തങ്ക കുട്ടപ്പൻ, പുന്നക്കോട്ടിൽ വീട് ആശാരിക്കാട് | 42401864/ 06.03.2025 | 50,000 |
| 2 | ,, | പത്മിനി വി.വി ചേരിക്കാട്ടിൽ വീട് മൂർക്കനിക്കര | 42401861/ 06.03.2025 | 50,000 |
| 3 | ,, | അംബിക സി.കെ കുത്തുപറമ്പിൽ വീട് പൂച്ചട്ടി | 42401863/ 06.03.2025 | 50,000 |

2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മൂർക്കനിക്കര സർക്കിൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പറും പേരും | പേരും മേൽ വിലാസവും | വൗച്ചർ നം. / തീയതി | തുക |
|---|---|---|---|---|
| 1 | 202/25 - | ഷൈനി | 25.03.2024 | 25,000 |

| | | | | |
|---|---|---|---|---|
| | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ - ജനറൽ -സ്പിൽ ഓവർ വികസനഫണ്ട് (ജനറൽ) (അടങ്കൽ -2,00,000 ചെലവ് -1,43,000 ) (25,000 X2=50,000) | ജെയ്സൺ അറക്കൽ വീട് ,മുളയം | (2023-24ൽ നൽകിയത്) | |
| 2 | 113/25 - വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ - അതിദരിദ്രർ വികസനഫണ്ട് (ജനറൽ) (അടങ്കൽ -2,50,000 ചെലവ് -2,25,000 ) (25,000 X2=50,000) | യശോദ എന്ന പാഞ്ചാലി പൂവത്തിങ്കൽ വീട് കൊഴുക്കുള്ളി | 15.03.2024 (2023-24ൽ നൽകിയത്) | 25,000 |

മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം.9/26.08.2025) എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-23 ലൈഫ് ഭവന പദ്ധതി – വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

വി.ഇ.ഒ മൂർക്കനിക്കര സർക്കിൾ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (ജനറൽ), വി.ഇ.ഒ നടത്തറ സർക്കിൾ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) എന്നീ പ്രൊജക്ടുകൾ പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രൊജക്ട് | ഗുണഭോക്താവിന്റെ പേരും വിലാസവും | ധനസഹായം കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി (ജനറൽ) | രജിത ഷിജു, പുളിപ്പറമ്പിൽ വീട്, മുളയം | 17.05.2023 | 40,000 |
| 2 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | അജിത കെ.എ, പുളിക്കൽ വീട്, അയ്യപ്പൻകാവ്,മുളയം | 22.07.2024 | 40,000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/26.08.2025) മറുപടിയായി മേൽ ഗുണഭോക്താക്കൾക്ക് പ്രവൃത്തി

പൂർത്തീകരിക്കാൻ നിർദ്ദേശിച്ച് രണ്ട് പ്രാവശ്യം നോട്ടീസ് അയച്ചതാണെന്നും എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 തുക മുൻകൂർ നൽകിയിട്ടും നാളിതു വരെ അലോപതി മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3624001800000019 IFSC: PUNB0362400) താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുക മുൻകൂർ നൽകിയിട്ടും നാളിതു വരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പരും പേരും | പ്രൊഫോർമ ഇൻവോയ്സ് നമ്പർ / തീയതി | വൗച്ചർ നം. തീയതി. | ഫണ്ടിനം | തുക | നാളിതു വരെ ലഭിച്ച മരുന്നുകളുടെ മൂല്യം | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|---|
| 72/25-അലോപ്പതി മരുന്നുകൾ ആശുപത്രി യിലേക്ക് വാങ്ങൽ<br>(അടങ്കൽ-12,97,231)<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്) | PRF 1230/19.09.2024<br>₹29,682 | 42401728/ 07.10.24 | മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | ₹29,682 | Invo.2282/29.03.25 -₹7,750<br>Invo.720/27.05.25 -₹4,657<br>----------------<br>ആകെ - ₹12,407 | ₹17,275 |
| | PRF 1344/ 28.09.2024<br>₹3,77,462 | 42401727/ 07.10.24 | | ₹3,77,462 | Invo.1973/24.02.25-₹46,267<br>Invo.1635/21.01.25-₹43,187<br>Invo.2146/24.03.25-₹7,392<br>Invo.156/19.04.25 – ₹54,656<br>Invo.2283/29.03.25 –₹30,128<br>Invo.752/30.05.25 – ₹8,512<br>Invo.621/24.05.25 – ₹6,496<br>----------------<br>ആകെ - ₹1,96,638 | ₹1,80,824 |
| | PRF 1915/ 07.11.2024<br>₹2,94,258 | 42401748/ 20.11.24 | | ₹2,94,258 | ലഭിച്ചിട്ടില്ല | ₹2,94,258 |
| 75/25-സാന്ത്വന പരിചരണം-പാലിയേറ്റീവ് കെയർ<br>(അടങ്കൽ-12,00,000)<br>(വികസന ഫണ്ട് ജനറൽ - 5,00,000,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 3,50,000<br>ജില്ല പഞ്ചായത്ത് വിഹിതം - 3,50,000) | PRF 2251/ 29.11.2024<br>₹2,25,708 | 42401814/ 08.01.25 | ജില്ല പഞ്ചായത്ത് വിഹിതം | ₹2,25,708 | Invo.692/27.05.25 -₹2,18,681 | ₹7,027 |
| | PRF 3162/ 23.01.25<br>₹99,851 | 42401837/ 28.01.25 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹99,851 | ലഭിച്ചിട്ടില്ല | ₹99,851 |
| | PRF 3163/ 23.01.25<br>₹43,231 | 42401826/ 25.01.25 | വികസന ഫണ്ട് ജനറൽ | ₹43,231 | Invo.2166/24.03.25-₹42,026 | ₹1,205 |
| | PRF 4493/ 18.03.25<br>₹29,680 | 42401927/ 19.03.25 | | ₹29,680 | ലഭിച്ചിട്ടില്ല | ₹29,680 |

മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

മറുപടിയായി (നം.18/28.08.2025)മേൽ പ്രൊഫോർമകൾ പ്രകാരമുള്ള മരുന്നുകൾ നിലവിൽ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 വീടുകളിലേക്ക് ബയോ കംപോസ്റ്റർ ബിൻ നൽകൽ -തുടർ നിരീക്ഷണം ഉറപ്പാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -മൂർക്കനിക്കര സർക്കിൾ

പ്രോജക്റ്റ് നമ്പർ /പേര് - 192/25 വീടുകളിലേക്ക് ബയോകംപോസ്റ്റർ ബിൻ നൽകൽ

വകയിരുത്തിയ തുക - 4,92,936

ചെലവഴിച്ച തുക - 3,79,750
വൗച്ചർ നം. – 22401611/28.03.25 – 2,50,000
വൗച്ചർ നം. – 22401594/28.03.25 – 80,500
വൗച്ചർ നം. – 22401593/28.03.25 – 49,250
--------------
ആകെ – 3,79,750
=============

ശുചിത്വമിഷൻ ഫണ്ട്, തനതു ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പെടുത്തി ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് വീടുകളിൽ ബയോബിൻ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 04.01.2024ലെ സ.ഉ.(സാ)നം.34/2024/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ബയോബിൻ വാങ്ങുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 70% തുകയും, ജിയോടാഗ്ഗിംഗ്, ആറുമാസത്തെ പ്രവർത്തനമോണിറ്ററിംഗ്, ഗുണഭോക്താക്കൾക്ക് പരിശീലനം എന്നിവ ഹരിതകർമ്മ സേനയേയോ, കുടുംബശ്രീയേയോ, ഹരിതകർമ്മ സഹായ സ്ഥാപനത്തേയോ തദ്ദേശ സ്ഥാപനത്തിന്റെ അനുമതിയോടെ ഏൽപ്പിക്കാവുന്നതും ഇതിനായി 30% തുകയും ചെലവഴിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ജെം പോർട്ടൽ മുഖേന കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശുചിത്വമിഷന്റെ അംഗീകാരമുള്ള “Shudhi Waste Conversion Unit”, വടകര എന്ന സ്ഥാപനത്തിൽ നിന്നും 310 ബയോബിന്നുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജിയോടാഗ്ഗിംഗ്, മോണിറ്ററിംഗ് അനുബന്ധ പ്രവർത്തനങ്ങൾക്ക് ടി സ്ഥാപനവുമായി 19.02.2025ന് കരാറിലേർപ്പെടുകയും ചെയ്തു. ബയോബിൻ വിതരണം ചെയ്ത മുഴുവൻ വീടുകളിലും ജിയോടാഗ്ഗിംഗ് നടത്തി ഡാറ്റ പഞ്ചായത്തിനു നൽകുന്നതിനും, ആവശ്യമായ പരിശീലനം നൽകുന്നതിനും, ബയോബിന്നിന്റെ പ്രവർത്തന ക്ഷമത ഉറപ്പാക്കുന്നതിനും, പ്രവർത്തനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും സ്ഥാപനത്തെ ചുമതലപ്പെടുത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 310 വീടുകളിൽ ബിൻ വിതരണം ചെയ്യുക മാത്രമാണ് 2024-25 സാമ്പത്തിക വർഷം ചെയ്തിട്ടുള്ളത്.

**അപാകങ്ങൾ**

1. ബയോബിന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് മൂന്നുമാസത്തിനകം റാൻഡമായി ക്വാളിറ്റി പരിശോധന (CIPET KOCHI) നടത്തി സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും പോളി പ്രൊപ്പിലീൻ,കോ പ്രൊപ്പിലീൻ, വെർജിൻ പ്ലാസ്റ്റിക് എന്നീ ഇനങ്ങളിൽ പെടുന്ന ബിന്നുകളാണോ വിതരണം ചെയ്തിട്ടുള്ളതെന്നും പരിശോധിച്ച് ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.
2. ബയോബിന്നുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച തുടർ പരിശോധനകൾ സ്ഥാപനം നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ 04.01.2024-ലെ സ.ഉ.(സാ)നം.34/2024/ത.സ്വ.ഭ.വ. മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവർത്തനക്ഷമത ഉറപ്പാക്കാൻ സാമൂഹ്യ പരിശോധന നടത്തുന്നതിനും കുടുംബശ്രീ സംവിധാനം, സോഷ്യൽ ഓഡിറ്റ് സംവിധാനം, ഹരിതകർമ്മസേന എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടില്ല.
3. ബയോബിന്നുകളുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുന്നതിന് ഇനോക്കുലം ലഭ്യത ഉറപ്പാക്കുന്നതിനും, ഹരിതകർമ്മസേനയുടെ സഹായത്തോടെ ജൈവമാലിന്യ സംസ്കരണ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
4. ബയോബിന്നുകൾക്ക് മൂന്നു വർഷ വാറണ്ടി ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വാറണ്ടി സംബന്ധിച്ച വിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾ മൂലം ഗാർഹിക ജൈവമാലിന്യ സംസ്കരണത്തിനായി ബയോബിന്നുകൾ സ്ഥാപിച്ചതുമൂലം ലക്ഷ്യമിട്ടതു പ്രകാരമുള്ള നേട്ടം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.28/28.08.2025)

## 1-26 വിതരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് | 43/25 – വനിതകൾക്ക് മുട്ടക്കോഴി വിതരണപദ്ധതി |
| അടങ്കൽ | 1,35,200( 1,24,800 – വികസനഫണ്ട് ജനറൽ, 10,400 – ഗുണഭോക്തൃവിഹിതം ) |
| ചെലവ് | 1,35,200 |
| വൗച്ചർ നം | 42400866 /11.11.24 -- 10,400<br>42401736/23.10.24 -- 1,24,800 |
| സപ്ലൈ ചെയ്ത ഏജൻസി | ഭദ്ര ഫാം , പന്തല്ലൂർ |
| ഇൻവോയ്സ് നം | 2/23.10.24 – 208 Unit |

5 കോഴിക്കുഞ്ഞുകൾ അടങ്ങുന്ന ഒരു യൂണിറ്റ് വീതം 208 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

1. എല്ലാ ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രസീതികൾ ഇല്ല. 152 വ്യക്തികളുടെ ഒപ്പുള്ള ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. എത്ര കോഴിക്കുഞ്ഞുങ്ങളെ വീതം ഓരോരുത്തർക്കും ലഭ്യമായിട്ടുണ്ട് എന്ന് ഇതിൽ ചേർത്തിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്തൃവിഹിതം അടവാക്കിയ (50 രൂപ വീതം) ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടില്ല.

| പേര് | രസീത് ബുക്ക്നം./ രസീത് നം. |
|---|---|
| കൗസല്യ പൊറ്റേക്കാട്ടിൽ | 10280 -- 71/14.10.24 |
| വൽസല മലയാറ്റി | 10280 -- 97/14.10.24 |
| ശോഭന പൂവൻതോലിൽ | 10280 -- 92/14.10.24 |
| ലീല ചങ്ങാത്ത് | 10280 -- 84/14.10.24 |
| ചന്ദ്രിക കപ്പാറ | 10280 -- 85/14.10.24 |
| രാജമ്മ തെക്കുട്ട് | 10280 -- 86/14.10.24 |
| രാധ ചോൻകുളങ്ങര | 10280 -- 87/14.10.24 |
| ജയ പള്ളിമാക്കൽ | 10280 -- 88/14.10.24 |
| രുഗ്മിണി എടത്തറ | 10280 -- 89/14.10.24 |
| രത്നഭായ് പൊങ്ങണാമൂല | 10280 -- 90/14.10.24 |
| സിസിലി മാളിയേക്കൽ | 10280 -- 93/14.10.24 |
| കുഞ്ഞുമണി തെക്കുട്ട് | 10280 -- 86/14.10.24 |
| കുറുമ്പക്കുട്ടി കണ്ടനേങ്ങാട്ടിൽ | 10280 -- 80/14.10.24 |

| | |
|---|---|
| പാർവതി താണിക്കപ്പറമ്പിൽ | 10280 -- 96/14.10.24 |
| രാധ മടപ്പാട്ടുപറമ്പിൽ | 10280 -- 97/14.10.24 |
| രാജമ്മ വരകാപ്പള്ളിയിൽ | 10280 -- 51/14.10.24 |
| റൂബി കവലക്കാട്ടിൽ | 10280 -- 5/22.10.24 |
| ഓമന ഷൺമുഖൻ ഇല്ലത്ത് | 10280 -- 79/14.10.24 |

ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം അടവാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട് എന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 32/29.8.25)

## 1-27 കറവപശു വിതരണം -- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

കറവപ്പശു വിതരണത്തിനായി രണ്ട് പ്രോജക്ടുകൾ വെറ്ററിനറി സർജൻ നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും, പ്രവർത്തനങ്ങളുമായി രേഖപ്പെടുത്തിയിരിക്കുന്നത് വനിതകൾക്ക് തൊഴിൽ നേട്ടത്തിനു വേണ്ടി കറവപശു വിതരണം ചെയ്യുന്ന എന്നതാണ്. പശുവിന്റെ വിലയുടെ 50% പരമാവധി 30,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. ഗുണഭോക്താക്കൾക്ക് ലോൺ ലഭ്യമാകുന്ന മുറക്ക് സബ്സിഡി തുക 30,000 രൂപ വ്യക്തിഗത ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

വിവരങ്ങൾ ചുവടെ ചേർക്കുന്നു

1

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് | 28/25 – വനിത കറവപ്പശു |
| അടങ്കൽ | 13,80,000 (6,90,000 – വികസനഫണ്ട് ജനറൽ, 6,90,000- വായ്പ ) |
| ചെലവ് | 6,90,000 |
| വൗച്ചർ നമ്പർ, തുക | 42401754/ 11.12.24–3,60,000<br>42401755 /11.12.24 – 2,70,000<br>42401734 /16.10.24 -- 60,000 |
| തുക കൈമാറിയ അക്കൗണ്ട് | മൂർക്കനിക്കര സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി<br>148912001000011<br>KSBK 0001489 |
| ഗുണഭോക്താക്കളുടെ എണ്ണം | 23 |

2.

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് | 297/25 – കറവപ്പശു വിതരണം |
| അടങ്കൽ | 4,20,000 (2,10,000 – വികസനഫണ്ട് ജനറൽ, 2,10,000- വായ്പ ) |
| ചെലവ് | 2,10,000 |

| | |
|---|---|
| വൗച്ചർ നമ്പർ, തുക | 42401856/ 6.3.25 –90,000<br>42401855 /6.3.25 – 1,20,000 |
| തുക കൈമാറിയ അക്കൗണ്ട് | മൂർക്കനിക്കര സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി<br>148912001000011<br>KSBK 0001489 |
| ഗുണഭോക്താക്കളുടെ എണ്ണം | 7 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉരുവിന്റെ വിലയുടെ 50% പരമാവധി 30,000 രൂപയാണ് സബ്സിഡിയായി അനുവദിക്കുന്നത്. വായ്പ ബന്ധിത പ്രോജക്റ്റുകളിൽ ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമായ രേഖകൾ ഹാജരാകുന്ന മുറക്കാണ് സബ്സിഡി തുക വ്യക്തിഗത ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് കൈമാറുന്നത്. ഗുണഭോക്താക്കളുടെ സബ്സിഡി തുക മൊത്തമായും മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ലോൺ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിർവഹണഉദ്യോഗസ്ഥൻ ബാങ്കിന് കത്തയച്ചതിനെ തുടർന്ന് ഗുണഭോക്താക്കളുടെ പേര്, ലോൺ അനുവദിച്ച തുക, സപ്ലൈ ചെയ്ത വ്യക്തികളുടെ പേര്, അക്കൗണ്ട് വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ വ്യക്തിഗതലോൺ അക്കൗണ്ട് വിവരങ്ങൾ ഇല്ല.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) 115/2022/തസ്വഭവ. തിയതി. 28.05.22 ഖണ്ഡിക 6.3 അദ്ധ്യായം 33 ലെ പൊതു നിർദ്ദേശങ്ങൾ പ്രകാരം വികസന കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ അംഗങ്ങളായിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഉരുക്കളെ വാങ്ങേണ്ടത്. ഗുണഭോക്താക്കളിൽ നിന്നുള്ള ആരും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിൽ ഒപ്പുവച്ചിട്ടില്ല. നിർവഹണഉദ്യോഗസ്ഥനും വികസന കമ്മിറ്റി ചെയർമാനും മാത്രമാണ് ഒപ്പുവച്ചിട്ടുള്ളത്. ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങുന്നത് അവരുടെ അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ സപ്ലൈ ചെയ്ത വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താവ് പശുക്കളെ കൈപ്പറ്റിയതിന്റെയും, വിറ്റയാൾ തുക കൈപ്പറ്റിയതിന്റെയും രേഖകൾ ഇല്ല.

4. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് (മൃഗ സംരക്ഷണവും ക്ഷീര വികസനവും) ഫയലിൽ ലഭ്യമല്ല.

മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 32/29.08.2025)

## 1-28 വാട്ടർ ടാങ്ക് ലേലം ചെയ്തിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ ഓർമ്മക്കൂട് ശ്മശാനം വാട്ടർടാങ്ക് സ്ഥാപിക്കൽ (217/25) പ്രകാരം ശ്മശാനത്തിൽ പുതിയ MS Steel വാട്ടർടാങ്ക് സ്ഥാപിച്ചിട്ടുണ്ട്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| അടങ്കൽ | 1,60,000 (തനതുഫണ്ട്) |
| ചെലവ് | 1,60,000 |
| വൗച്ചർ നം | 42400498 /14.08.2024 |
| | |

| | |
|---|---|
| സപ്ലൈ ചെയ്ത ഏജൻസി | ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ്, ആലുവ |
| ഇൻവോയ്സ് നം. | HTCPL/24-25/12/05.08.2024 |

നിലവിലുണ്ടായിരുന്ന പഴയ ടാങ്ക് മാറ്റിയാണ് പുതിയ ടാങ്ക് സ്ഥാപിച്ചത്. എന്നാൽ പഴയ ടാങ്ക് ലേലം ചെയ്തിട്ടില്ല. 27.08.2025 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ശ്മശാനത്തിൽ പുതിയ ടാങ്ക് സ്ഥാപിച്ചതായും പഴയ ടാങ്ക് റോഡരികിൽ സ്ഥിതിചെയ്യുന്നതായും കണ്ടു.



ഈ ടാങ്ക് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 സൈഡ് ഷട്ടറിംഗ് നടത്താത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക നൽകി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരിച്ചടച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ-- അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രോജക്ട് നമ്പർ,പേര് - 152/25 മൈത്രി നഗർ ടൈൽ വിരിക്കൽ

അടങ്കൽ -- 6,29,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക - 4,23,936

വൗച്ചർ നം. - 42401530/27.03.2025

മേൽ പ്രവൃത്തിയിൽ 123 മീറ്റർ നീളത്തിൽ ഇന്റർലോക്കിംഗ് ടൈൽ വിരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഐറ്റം നം 4 ആയി MORD Data Item No. 75.8.1 പ്രകാരം 2.568 Cum 1:2:4 കോൺക്രീറ്റിംഗ് നടത്തിയതിന് 9,000 രൂപ നിരക്കിൽ 23,112 രൂപ കരാറുകാരനായ ശ്രീ. ജോർജ്ജ് എം.വി. എന്നയാൾക്ക് നൽകിയിട്ടുണ്ട്. 27.08.2025 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഈ പ്രവൃത്തിയുടെ 0-61.7 മീറ്റർ നീളം വരെ ടൈൽ റോഡിന്റെ ഇരുവശവും മതിൽ ഉള്ളതായും ബാക്കി മുഴുവൻ നീളത്തിലും ഒരുവശത്ത് മതിൽ ഉള്ളതായും മതിൽ ഉള്ള സ്ഥലങ്ങളിൽ മതിൽ വരെ 8 Cm കനത്തിലും, മതിൽ ഇല്ലാത്ത ഭാഗത്ത് സെന്ററിംഗ്& ഷട്ടറിംഗ് പ്രവൃത്തി ഇല്ലാതെയുള്ള കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ് ചെയ്തിട്ടുള്ളത് എന്ന കണ്ടു. ഇക്കാര്യം എഞ്ചിനീയറിംഗ് വിഭാഗം പരിശോധനാ റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തിയിൽ സെന്ററിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ MORD Data75.8.1.1.A പ്രകാരമുള്ള 8643.9/Cum നിരക്കാണ് അനുവദിക്കാവുന്നത്. (ഫോം വർക്ക് ഒഴിവാക്കിയുള്ള PCC 75.8.1.1.A ന്റെ എസ്റ്റിമേറ്റ് നിരക്ക് 7977.65/Cum X [+]8.35% =8643.97/Cum ) ഇതു പ്രകാരം അനുവദിക്കാവുന്നത് 22,198രൂപയാണ് (8643.9x 2.568= 22,198) 914

രൂപ (23112-22,198=914) അധികമായി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം. 20/26.08.2025) രസീതി നം. GR-G080502-25002821/30.08.2025 പ്രകാരം 914 രൂപ തിരിച്ചടവാക്കിയിട്ടുണ്ട്.

## 1-30 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-രേഖകളുടെ സൂക്ഷിപ്പിലും, കരാറിലെ വ്യവസ്ഥകൾ കാലാനുസൃതമാക്കുന്നതിലും അപാകങ്ങൾ

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1. പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല.

2. തദ്ദേശ സ്ഥാപനങ്ങളിൽ 2014-15 മുതൽ CPWD സ്പെസിഫിക്കേഷനെ അടിസ്ഥാനമാക്കിയുള്ള ഡൽഹി അനാലിസിസ് ഓഫ് റേറ്റ്, ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് എന്നിവ ബാധകമാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പ്രവൃത്തി നിർവ്വഹണത്തിന് MORD സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിക്കുന്നത്. എന്നാൽ ഒട്ടുമിക്ക കരാറുകളിലും വ്യവസ്ഥ 4-ൽ വരുന്ന നിബന്ധനകൾ കേരള ഡീറ്റെയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

3. കരാർ വ്യവസ്ഥ രണ്ടിൽ പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവര പട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും പ്രവൃത്തി പൂർത്തീകരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തന കലണ്ടർ, പ്രവൃത്തി വിവര പട്ടിക എന്നിവ കരാറിന്റെ ഭാഗമാക്കുന്നില്ല.

4. കരാറിലെ 7 വ്യവസ്ഥയിൽ 2012-ലെ പുതുക്കിയ KPWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. മാന്വൽ പ്രകാരവും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ പൊതു വ്യവസ്ഥകൾ പ്രകാരവും ഉള്ള പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥകളും, ദീർഘിപ്പിച്ചു നൽകാവുന്ന പരമാവധി കാലയളവ് 50% ആണ് എന്നുള്ളതും ഉൾപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾക്ക് പകരമായി നിലവിൽ ബാധകമായ വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5. ഡിഫക്ട് ലയബിലിറ്റി കാലയളവ് കരാറിൽ രേഖപ്പെടുത്തുന്നില്ല.

6. വിവിധ പ്രവൃത്തികളിൽ ക്വാളിറ്റി മാന്വൽ പ്രകാരമുള്ള ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി നടത്തുന്ന പരിശോധനകളുടെ റിപ്പോർട്ടുകൾ- റോഡ് പ്രവൃത്തികളിൽ ഉപയോഗിച്ച ബിറ്റുമിന്റെ കണ്ടന്റ് / എക്സ്ട്രാക്ഷൻ ടെസ്റ്റ്, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ക്യൂബ് ടെസ്റ്റ്, ഇന്റർലോക്കിംഗ് ടൈലുകൾ ഉപയോഗിച്ച പ്രവൃത്തികളിൽ ഗുണമേന്മ പരിശോധന, സ്റ്റീൽ ഉപയോഗിച്ച പ്രവൃത്തികളിൽ സ്റ്റീൽ ക്വാളിറ്റി ടെസ്റ്റ് എന്നിങ്ങനെ വിവിധ ഗുണമേന്മാ പരിശോധനാ റിപ്പോർട്ടുകൾ പൂർണ്ണമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/26.08.2025)

## 1- 31 കരാർ കാലാവധി യഥാർത്ഥ കാലാവധിയുടെ 50% ലധികം നീട്ടി നൽകുന്നതിന് ഭരണ സമിതി അംഗീകാരം ലഭ്യമാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കേരള പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ (2100 F ഫോറത്തിൽ) കരാർ കാലാവധി തീരുന്നതിന് മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന് ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % വരെ പിഴ കൂടാതെ ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

അതേസമയം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ 02.04.2024 ന് ശേഷം കരാറിൽ ഏർപ്പെട്ട പ്രവൃത്തികളിൽ 02.04.2024-ലെ G.O(Ms) No.21/2024/ PWD ഉത്തരവ് പ്രകാരം പൂർത്തീകരണ കാലയളവിനു ശേഷവും (Scheduled Date Of Completion) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കരാർ തുകയുടെ 0.1%/Week നിരക്കിൽ പരമാവധി 10% തുക പിഴ ഈടാക്കുന്നതിന്

നിർദ്ദേശിച്ചിട്ടുണ്ട്. (ഇക്കാര്യം 09.08.2017-ലെ G.O.(P)No.3/2017/PWD ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച Standard Bid Documentലും വ്യക്തമാക്കിയിട്ടുണ്ട്.) ഇതിനായി കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കരാർ കാലാവധി തീരുന്നതിനു മുൻപായി അപേക്ഷ നൽകേണ്ടതുണ്ട്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം ഇത്തരത്തിൽ ദീർഘിപ്പിച്ചു നൽകാവുന്ന കരാർ കാലാവധി യഥാർത്ഥ കരാർ കാലാവധിയുടെ 50% ൽ അധികമാകരുതെന്നും, ഇതിലധികമാകുന്ന സംഗതികളിൽ കരാർ റദ്ദാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമാണ് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികളിൽ വ്യക്തമായ കാരണം കൂടാതെയും പിഴ ഈടാക്കാതെയും യഥാർത്ഥ കരാർ കാലാവധിയുടെ 50% ലും അധികരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. യഥാർത്ഥ കരാർ കാലയളവിന്റെ 50% ലും കൂടുതലാകുന്ന സംഗതികളിൽ ഭരണ സമിതി തീരുമാനം കൂടാതെ ഇത്തരത്തിൽ കാലാവധി നീട്ടി നൽകുന്നതിന് എഗ്രിമെന്റ് അതോറിറ്റിയായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അധികാരമില്ലാത്തതാണ്.

232/25 വയലോരം റോഡ് നിർമ്മാണത്തിൽ യഥാർത്ഥ കരാർ കാലാവധിയുടെ 50% ൽ കൂടുതൽ കാലാവധി നീട്ടി നൽകിയതിൽ ഭരണ സമിതി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/26.08.2025) യഥാർത്ഥ കരാർ കാലയളവിന്റെ 50% ലും കൂടുതലാകുന്ന സംഗതികളിൽ ഭരണ സമിതി തീരുമാനം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ആശ്രയ വിഹിതം നാളിതുവരെ ചെലവഴിച്ചിട്ടില്ല

പ്രോജക്റ്റ്നം.,പേര് -- 5/25 - ആശ്രയ വിഹിതം കൈമാറൽ

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

അടങ്കൽ -- 2,00,000 (വികസനഫണ്ട് )

ചെലവ് - 2,00,000

വൗച്ചർ നം.-- 42401674 / 29.06.2024

ഈ തുക ആശ്രയ അഗതിരഹിത കേരളം അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.2588000100102661-PNB, മൂർക്കനിക്കര) കൈമാറിയിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസിന്റെ 76/2025 തീയതി 22.08.2025 ലെ കത്ത് പ്രകാരം അഗതിരഹിതകേരളം പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് പഞ്ചായത്തിൽ നിന്നും 04.07.2024 ന് 2,00,000 രൂപ ലഭിച്ചിട്ടുള്ളതിൽ ഒരാൾക്ക് അഡ്വാൻസ് 25,000 രൂപ (സ്റ്റെല്ല തങ്കച്ചൻ , താഴത്തുപറമ്പിൽ, മുളയം ) നൽകിയിട്ടുള്ളതും പണി പൂർത്തീകരിക്കുന്ന മുറക്ക് 25,000 രൂപ കൂടി അനുവദിക്കുന്നതുമാണ് എന്നും ബാലൻസ് 1,50,000 രൂപക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും തുടർനടപടികൾ നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറിക്ക് (നം.22/27.08.2025) മറുപടിയായി സി.ഡി.എസിൽ നിന്നും ലഭ്യമായ ഡിമാന്റ് പ്രകാരമാണ് തുക കൈമാറിയതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സി.ഡി.എസിന്റെ 26.06.2024 ലെ 22/2025 നം. കത്ത് പ്രകാരം സ്റ്റെല്ല തങ്കച്ചൻ, പാറുക്കുട്ടി, മലയാറ്റിൽ, ത്രേസ്യ പൂണാച്ചി, അൽഫോൺസ തോമസ് എന്നിവർക്ക് ഭവനപുനരുദ്ധാരണത്തിന് തുക ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
തുക പൂർണ്ണമായും ചെലവഴിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 തുമ്പൂർമുഴി മോഡൽ പ്ലാന്റ് സ്ഥാപിക്കൽ -- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നം.,പേര് -294/25 – തുമ്പൂർമുഴി മോഡൽ പ്ലാന്റ് സ്ഥാപിക്കൽ-- സ്പിൽ ഓവർ
നിർവഹണഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ -- 5,15,000( 3,60,000 – കേന്ദ്രവിഹിതം 1,55,000 തനതുഫണ്ട് )

ചെലവ് - 27,840 (സുലേഖ പത്രിക പ്രകാരം )

വൗച്ചർ നം.-- 22401620 / 29.3.25 – 27,840
42402024/31.3.25 – 64,960 (കേന്ദ്രവിഹിതം)

പൂച്ചട്ടി മുരിയൻകുന്ന് എസ്.സി. കോളനിയിൽ തുമ്പൂർമൂഴി മോഡൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതിനെത്തുടർന്ന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ 21.02.2023 ലെ എ1-1235/2020-2നം. കത്ത് പ്രകാരം എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഭരണസമിതിയുടെ 17.12.2023 ലെ 1(6) നം. തീരുമാനപ്രകാരമാണ് ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തത്. സ്ഥാപനം ലഭ്യമാക്കിയ എസ്റ്റിമേറ്റ് (4,78,497) സാങ്കേതികാനുമതിക്കായി ജില്ലാശുചിത്വമിഷൻ കോഓർഡിനേറ്റർക്കും ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും അയച്ചതിനെ തുടർന്ന് 4,64,000 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം (BTC/AEE/LSGD/OLK/24-25/27.9.24 )ലഭിച്ചിട്ടുണ്ട്.

തുടർന്ന് രണ്ട് തവണ (20.12.2024, 31.12.2024 തീയതികളിൽ) ടെണ്ടർ നടത്തിയെങ്കിലും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ അല്ലാതെ ആരും പങ്കെടുത്തില്ല. സ്ഥാപനവുമായി 31.01.2025 (14/2024-25) ന് കരാറിൽ ഏർപ്പെട്ടു.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1. പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് കരാറിലോ, സാങ്കേതികാനുമതി ഉത്തരവിലോ ചേർത്തിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

2.മുൻവർഷത്തെ പ്രോജക്ടായ 250/24 ൽ ടെണ്ടർ വഴിയാണ് പ്രോജക്ട് നടപ്പാക്കുന്നതെന്ന് ചേർത്തിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രവൃത്തി നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാർ ഉത്തരവ് (പി) നം. 67/2021/ധന. തീയതി 28.4.21 ഖ. 8 പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്നതിന് പകരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയാണ് പഞ്ചായത്ത് ചെയ്തത്.

3. സ.ഉ.(സാധാ) നം. 1983/2022/LSGD തീയതി 16.08.2022 പ്രകാരമാണ് അക്രഡിറ്റഡ് ഏജൻസിയായി ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തത്. എന്നാൽ ഈ ഉത്തരവ് പ്രകാരം സിവിൽ വർക്കുകൾ ചെയ്യുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് അക്രഡിറ്റേഷൻ ഇല്ല.

4.വൗച്ചർ നം. 42402024/31.3.2025 – 64,960 പ്രകാരം സോഷ്യോഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയ 64,960 രൂപ സുലേഖ ചെലവ് പത്രികയിൽ ചേർത്തിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.23/27.08.2025, 34/29.08.2025)

പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് പ്രവൃത്തികൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

താഴെ പട്ടികയിൽ ചേർത്തിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളിൽ തുക കൈപ്പറ്റിയ സ്ഥാപനം കൈപ്പറ്റ് രസീത്, ഫൈനൽ ബിൽ, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | വൗച്ചർ നം,തുക | തുക കൈപ്പറ്റിയ വ്യക്തി/ ഏജൻസി | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 21/25 – ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 42401577 / 29.3.25-74,060 തനതുഫണ്ട് | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി. നടത്തറ | വിനിയോഗ സാക്ഷ്യപത്രം ഉണ്ട്. കരാർ ഇല്ല |
| 2 | 311/25 – പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ | 42401901/ 15.3.25 1,61,699 വികസനഫണ്ട് ജനറൽ | ജനറൽ മാനേജർ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെന്റ് | 45 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുമെന്ന കരാർ ഉണ്ട്. പിഴ |

| | | | | |
|---|---|---|---|---|
| | | | കോർപ്പറേഷൻ | ഈടാക്കിയിട്ടില്ല |
| 3 | 20/25- സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 42400902/ 22.11.24 – 3,83,427 ബ്ലോക്ക് വിഹിതം | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ. ബി. നടത്തറ | കരാർ ഇല്ല വിനിയോഗ സാക്ഷ്യപത്രം ഉണ്ട് |
| 4 | 20/25- സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 42401144 / 9.1.25 –11,838 തനതുഫണ്ട് | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ .ബി . നടത്തറ | കരാർ ഇല്ല വിനിയോഗ സാക്ഷ്യപത്രം ഉണ്ട് |
| 5 | 20/25- സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 75,523 | അസിസ്റ്റന്റ് എഞ്ചിനീയർ കെഎസ് ഇ ബി നടത്തറ | വിനിയോഗ സാക്ഷ്യപത്രം ഉണ്ട് കരാർ ഇല്ല |
| 6 | 20/25- സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 41,050 | അസിസ്റ്റന്റ് എഞ്ചിനീയർ കെഎസ് ഇ ബി നടത്തറ | വിനിയോഗ സാക്ഷ്യപത്രം ഉണ്ട് കരാർ ഇല്ല |
| 7 | 20/25- സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 42401184/24.1.25- 7,380 തനതുഫണ്ട് | അസിസ്റ്റന്റ് എഞ്ചിനീയർ കെഎസ് ഇ ബി മണ്ണുത്തി | വിനിയോഗ സാക്ഷ്യപത്രം ഉണ്ട് കരാർ ഇല്ല |
| 8 | 20/25- സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 42401579/29.3.25 -46,174 തനതുഫണ്ട് | അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ. ബി . നടത്തറ | വിനിയോഗ സാക്ഷ്യപത്രം ഉണ്ട് കരാർ ഇല്ല |

1.സർക്കാർ ഉത്തരവ് (കൈ)നം. 84/2022/ത.സ്വ.ഭ.വ. തീയതി 19/04/22 ഖണ്ഡിക നമ്പർ 12.2(ഡി) (ii) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റുകളിൽ കെ.എസ്.ഇ.ബി. നിർവ്വഹണം നടത്തുന്ന ഒരു പ്രവൃത്തിയിലും കെ.എസ്.ഇ.ബി.യുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2.പ്രൊജക്റ്റ് നം.20/25(41,050 രൂപ), 75,523 എന്നീ ചെലവുകൾ വാർഷികകണക്കിലെ മുൻകൂർ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

3.Capital Contribution--Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats – എന്ന ശീർഷകത്തിൽ വൗച്ചർ നം. 42402030 /31.3.25 പ്രകാരം 5,00,000 രൂപ ചേർത്തിട്ടുണ്ട്. ഇതിൽ 3,83,427 , 41,050 , 75,523 എന്നീ ബ്ലോക്ക് വിഹിതം ഉൾപ്പെട്ടിട്ടുണ്ട്. തുക ചെലവഴിക്കുമ്പോൾ തന്നെ ചെലവായി വാർഷികകണക്കിൽ ഉൾപ്പെടാതെ 31.3.25 ന് ജേണൽ എൻട്രി മുഖേന ചെലവായി ചേർത്തിരിക്കുകയാണ്.

4.311/25നം.പ്രോജക്ടിൽ(ക്രമനമ്പർ 2) കെൽട്രോണുമായുള്ള കരാറിൽ(18/LSGD/2024-25/15.3.25) പ്രവൃത്തി 45 ദിവസത്തിനുള്ളിൽപൂർത്തിയാക്കുമെന്ന കരാർ (ഇനം6) ഉണ്ട്. അല്ലാത്ത പക്ഷം സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതായോ പിഴ ഈടാക്കിയതായോ കാണുന്നില്ല.
ഓഡിറ്റ് എൻക്വയറിക്ക്(നം.23/27.08.2025) മറുപടിയായി ബാക്കി തുക നൽകുന്നതോടൊപ്പം പിഴ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
സർക്കാർ ഉത്തരവ് (കൈ)നം.38/23/Fin. തീയതി 09.03.2023 പ്രകാരം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകകൾ അതാത് വർഷം തന്നെ ചെലവഴിക്കാത്ത പക്ഷം സംസ്ഥാനസഞ്ചിതനിധിയിൽ തിരിച്ചടക്കേണ്ടതാണ്.ഇല്ലെങ്കിൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തികവർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇത്തരത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കപ്പെടുന്നുവെന്ന് നിർവഹണഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും മേൽപട്ടികയിലെ പ്രവൃത്തികളുടെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-35 വിശപ്പുരഹിതഗ്രാമം - ജനകീയഹോട്ടൽ നടത്തിപ്പുകാരിൽ നിന്ന് വാടക ഈടാക്കിയിട്ടില്ല ചെലവ് തുക 151008 രൂപ തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ രണ്ട് ജനകീയഹോട്ടലുകളുടെ വാടക നൽകുന്നതിനാണ് ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് സെക്രട്ടറി നടപ്പാക്കിയിട്ടുള്ളത്.
വിശദവിവരം ചുവടെ ചേർക്കുന്നു

A. 221/25 – വിശപ്പുരഹിതഗ്രാമം (സ്പിൽഓവർ)

അടങ്കൽ -- 47,024 ( തനതുഫണ്ട് )

ചെലവ് - 26,686

| വൗച്ചർ നം. | കൈപ്പറ്റിയ വ്യക്തി/ ഏജൻസി |
|---|---|
| ഇല്ല./14.6.24 -- 12,996 | ലിംസൺ -- 6,946<br>നടത്തറ ഗ്രാമവികസന സഹകരണസംഘം-- 6,050 |
| 42400221 /15.6.24 – 13,690 | ലിംസൺ --7,640<br>നടത്തറ ഗ്രാമവികസന സഹകരണസംഘം-- 6,050 |

B. 13/25 – വിശപ്പുരഹിതഗ്രാമം

അടങ്കൽ -- 1,25,000( തനതുഫണ്ട് )

ചെലവ് - 1,24,322

| വൗച്ചർ നം. | കൈപ്പറ്റിയ വ്യക്തി/ ഏജൻസി |
|---|---|
| | |

| | |
|---|---|
| 42400603/7.9.24 -- 13,948 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം--6,655 |
| 42400747/14.10.24 -- 13,948 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6,655 |
| 42400803 /29.10.24 -- 13,948 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6,655 |
| 42400984 /3.12.24 -- 13,948 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6,655 |
| 42401143 /9.1.25 -- 13,948 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6,655 |
| 42401231/1.2.25 - 13,948 | `ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6,655 |
| 42401367 / 1.3.25 -- 13,948 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6655 |
| 42400291 / 29.6.24 -- 13,343 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6,050 |
| 42400414/ 29.7.24 -- 13,343 | ലിംസൺ -- 7,293<br>നടത്തറ ഗ്രാമവികസന സഹകരണസംഘം -- 6,050 |

അപാകങ്ങൾ

1.വാർഷികകണക്കിൽ “250140812 Service Enterprices - Hunger Free Kerala - Upgradation Of Infrastructure Facilities Of Popular Hotels” എന്ന ശീർഷകത്തിൽ 26,686 രൂപയും “250140814 Service Enterprices - Hunger Free Kerala - Rent, Electricity And Water Charges Of Popular Hotels”എന്ന ശീർഷകത്തിൽ 1,11,326 രൂപയും ചെലവ് ചേർത്തിട്ടുണ്ട്. വ്യത്യസ്ത ഹെഡിൽ ഉൾക്കൊള്ളിച്ചെങ്കിലും രണ്ടും ജനകീയഹോട്ടലിന്റെ വാടക ഇനത്തിൽ ചെലവഴിച്ചതാണ്. എന്നാൽ സുലേഖ പത്രിക പ്രകാരം 221/25 പ്രോജക്ടിൽ 26,686 രൂപയും 13/25 പ്രോജക്ടിൽ 1,24,322 രൂപയും ചെലവ് ചേർത്തിട്ടുണ്ട്. 12,996 രൂപ വാർഷികകണക്കിൽ മേൽപ്പറഞ്ഞ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഈ തുക (12,996 രൂപ) “251220105 -Improvement Of The Service Of Transferred Institutions-Rent And Tax എന്ന ഹെഡിൽ 42402041/31.03.2025 ജേണൽ വൗച്ചർ പ്രകാരം ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

2.ഓരോ ബില്ലിനോടൊപ്പം ഏത് മാസത്തെ വാടകയാണ് നൽകിയിട്ടുള്ളതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. 14.06.2024, 15.06.2024, 29.06.2024 എന്നിങ്ങനെ മൂന്ന് പ്രാവശ്യം ജൂൺ മാസം വാടക നൽകിയതായി

കാണുന്നു.

3. നടത്തറ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ജനകീയ ഹോട്ടൽ "ഗ്രാൻഡ്മാ കിച്ചൻ" എന്ന പേരിൽ നടത്തറ ഗ്രാമവികസനസഹകരണസംഘത്തിന്റെ 1/395 B നം. കെട്ടിടത്തിൽ നടത്തുന്നതിന് 2021 ഓഗസ്റ്റ് 1 മുതൽ 2026 ഓഗസ്റ്റ് 1 വരെ 10,000 രൂപ വാടകക്ക് (5,000 രൂപ ഗ്രാമപഞ്ചായത്തും 5,000 രൂപ ഹോട്ടൽ നടത്തിപ്പുകാരും നൽകുമെന്ന വ്യവസ്ഥയിൽ) പഞ്ചായത്തും സംഘവും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും 10% വർദ്ധനവ് വാടകയിൽ വരുത്തുമെന്നും കരാറിൽ വ്യവസ്ഥയുണ്ട്.

മറ്റൊരു ജനകീയ ഹോട്ടൽ 11/234 നം. കെട്ടിടത്തിൽ നടത്തുന്നതിന് ശ്രീ.ലിംസൺ മാളിയേക്കൽ എന്ന വ്യക്തിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.(2020 മെയ് 1 മുതൽ 2025 ഏപ്രിൽ 30 വരെയാണ് കരാർ കാലയളവ്) 6,540 രൂപയാണ് പ്രതിമാസവാടക. ഇതിൽ 3,540 പഞ്ചായത്തും 3,000 രൂപ ഹോട്ടൽ നടത്തുന്നവരും നൽകുമെന്നും ഓരോ വർഷവും 5% വർദ്ധനവ് വരുത്തുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറിൽ ചേർത്തിട്ടുള്ളത് പോലെ ഓരോവർഷവും വാടക വർദ്ധിപ്പിച്ചിട്ടുണ്ട്.

മേൽ പ്രകാരമുള്ള രണ്ട് ജനകീയ ഹോട്ടലുകളുടെ നടത്തിപ്പിലും വാടക നിരക്ക് നിർണ്ണയിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

ഹോട്ടൽ നടത്തുന്ന വ്യക്തികളുമായി പഞ്ചായത്ത് കരാർ വച്ചിട്ടില്ല. കെട്ടിട ഉടമകളും പഞ്ചായത്തുമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഹോട്ടൽ ഉടമകളെക്കൂടി ഉൾപ്പെടുത്തി ത്രികക്ഷികരാറിൽ ഏർപ്പെടാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

ആകെ വാടകയുടെ പകുതി പഞ്ചായത്ത് നൽകുമെന്നാണ് പ്രോജക്ട് ഫയലിൽ വ്യക്തമാക്കിയിട്ടുള്ളത്.

4. വാടക വർദ്ധിപ്പിച്ചതനുസരിച്ച് കരാർ പുതുക്കിയിട്ടില്ല. നിലവിൽ ലിംസൺ മാളിയേക്കൽ 7,293 രൂപയും നടത്തറ ഗ്രാമവികസനസഹകരണസംഘം 6,655 രൂപയുമാണ് വാടക ഇനത്തിൽ പഞ്ചായത്തിൽ നിന്ന് കൈപ്പറ്റുന്നത്. ഇതിൽ 11/234 നം. കെട്ടിടത്തിലെ ഹോട്ടൽ നടത്തിപ്പുകാർ അവരുടെ വിഹിതം അടവാക്കിയിട്ടില്ല. വാടക പൂർണ്ണമായും പഞ്ചായത്ത് അടവാക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/27.8.25)മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോട്ടൽ നടത്തിപ്പുകാരിൽ നിന്ന് വാടക ഇനത്തിൽ ലഭ്യമാകുവാനുള്ള തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹോട്ടൽ നടത്തിപ്പുകാരിൽ നിന്ന് വാടക ഇനത്തിൽ ആനുപാതികമായി ലഭിക്കേണ്ട തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നത് വരെ രണ്ട് പ്രൊജക്റ്റുകളുടെയും ആകെ ചെലവ് തുക 1,51,008 രൂപ തടസ്സപ്പെടുത്തുന്നു.

തുക അടവാക്കി രേഖകൾ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കാത്ത പക്ഷം ആയത് നിർവഹണഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-36 തെരുവുവിളക്ക് പരിപാലനം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി തെരുവുവിളക്കുകൾ വാങ്ങുന്നതിനും റിപ്പയറിംഗിനുമായി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

I. തെരുവുവിളക്ക് പരിപാലനം -- അടിസ്ഥാനരേഖകൾ സൂക്ഷിക്കുന്നില്ല

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

തെരുവുവിളക്ക് റിപ്പയറിംഗിനായി നാല് പ്രോജക്ടുകളാണ് സെക്രട്ടറി തൻവർഷം നടപ്പാക്കിയിട്ടുള്ളത്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|
| 218/25 - സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വലക്കാവ് മേഖല (Spill Over) | 2,19,960 തനതുഫണ്ട് | 42400200/10.6.24 Rs.64,330 | സർക്യൂട്ട് ടെക്നോളജീസ് പെരിഞ്ഞനം |
| | | | |

| | | | |
|---|---|---|---|
| 214/25 – സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് പൂച്ചട്ടി മേഖല(spill Over) | 2,92,220 തനതുഫണ്ട് | 42400198 /10.6.24 Rs.72,170 | സർക്യൂട്ട് ടെക്നോളജീസ് പെരിഞ്ഞനം |
| 8/25 – സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് പൂച്ചട്ടി മേഖല | 4,50,000 തനതുഫണ്ട് | 42400579/4.9.24 Rs.1,20,242<br>42400914/27.11.24 Rs.1,08,560<br>42401182/24.1.25 Rs.65,372<br>42401944/31.3.25 Rs.55,814 | സർക്യൂട്ട് ടെക്നോളജീസ് പെരിഞ്ഞനം |
| 9/25 സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വലക്കാവ്മേഖല | 4,00,000 തനതുഫണ്ട് | 42400580/4.9.24 Rs.1,22,484<br>42400915/27.11.24<br>Rs.1,08,442<br>42401183/24.1.25<br>Rs.65,608<br>42401593/ 30.3.25<br>Rs.52,746 | സർക്യൂട്ട് ടെക്നോളജീസ് പെരിഞ്ഞനം |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1. തെരുവുവിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡിലും ഓരോ ഇനത്തിലുള്ള വിളക്കുകൾ എത്രയെണ്ണം വീതം ഉണ്ട് എന്ന് വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം ഉള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | എണ്ണം |
|---|---|
| 9W BULB | 68 |
| 17W BULB | 2331 |
| 23w BULB | 730 |
| 60w BULB | 1 |
| CFL | 16 |
| Tubelight | 73 |
| LED | 13 |
| NIL | 1222 |
| Mini Mast | 17 |
| High Mast | 30 |
| Total | 4501 |

“NIL 1222” എന്ന് ചേർത്തിട്ടുള്ളത് എന്താണ് എന്ന് വ്യക്തമല്ല. തൻവർഷം LED വിളക്കുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. പരാതി രജിസ്റ്ററോ റിപ്പയർ രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.

3. റിപ്പയറിന് ശേഷം തിരികെ ലഭ്യമാകുന്ന സാധനങ്ങൾ അൺസർവീസബിൾ ഗുഡ്സ് രജിസ്റ്റർ തയ്യാറാക്കി ചേർത്തിട്ടില്ല.

4. പഞ്ചായത്തിലെ തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് രണ്ട് വ്യത്യസ്ത മേഖലകളാക്കി തിരിച്ച് പ്രോജക്ട് നടപ്പാക്കിയതിലൂടെ 8,50,000 രൂപ അടങ്കൽ ഉള്ള പ്രവൃത്തി രണ്ടായി വിഭജിച്ചതോടെ ഇ-ടെണ്ടർ പരിധിയിൽ നിന്ന് ഒഴിവായി. ഇത് നിയമാനുസൃതമല്ല.

5. സർക്കുലർ നം.3055/DA3/2011 *LSGD/* 15.09.2011, സർക്കുലർ നം. 177/DA3/2016/ LSGD/ 07.09.2017 ഇവയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

6. 21.02.2019 ലെ സർക്കുലർ നം.ഡി.എ1/17/2019/ത.സ്വ.ഭ.വ പ്രകാരം കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. തൻവർഷ പ്രോജക്ടിന് ഒരു വിളക്കിന് 118 രൂപ നിരക്കിലും മുൻവർഷത്തെ പ്രോജക്ടിന് 70 രൂപ നിരക്കിലും ഒരേ സ്ഥാപനത്തിന് തന്നെ ടെണ്ടർ ഇല്ലാതെ പ്രവൃത്തി ഏൽപിക്കുകയാണ് ചെയ്തിട്ടുള്ളത്. മുൻവർഷത്തെ അപേക്ഷിച്ച് 169% വർദ്ധനവിൽ മത്സരാധിഷ്ഠിത ടെണ്ടർ കൂടാതെ നിരക്ക് വർദ്ധിപ്പിച്ചു നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് നമ്പർ 2385/2018/തസ്വഭവ തീയതി 6.9.2018 പ്രകാരം ലൈസൻസ് നിബന്ധനകൾ പാലിച്ചുമാത്രം പ്രവൃത്തി കുടുംബശ്രീ യൂണിറ്റുകളെ ഏൽപിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

II . തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ -- സർക്കാർ ഉത്തരവുകൾ പാലിച്ചില്ല.

തെരുവുവിളക്ക്ഉപകരണങ്ങൾ വാങ്ങുന്നതിനായി മൂന്ന് പ്രോജക്ടുകളാണ് സെക്രട്ടറി നടപ്പിലാക്കിയിട്ടുള്ളത്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ഏജൻസി | വാങ്ങിയ ഇനങ്ങൾ |
|---|---|---|---|---|
| 19/25 - പുതിയ തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കൽ | 4,00,000 തനതുഫണ്ട് | 42400648/ 20.9.24 - Rs.3,98,200 | സർക്യൂട്ട് ടെക്നോളജീസ് പെരിഞ്ഞനം (8-24/25 /11.9.24) | 181 എണ്ണം 30W LED |
| 7/25 - സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് ഉപകരണങ്ങൾ വാങ്ങൽ | 3,87,438 തനതുഫണ്ട് | 42400358 /18.7.24 Rs.1,02,398 42400522/ 23.8.24 - Rs.89,809 42400581/ 4.9.24 Rs.86,679 42400778/ 21.10.24 Rs.77,438 | ABC Marketing, Chalakudy | എൽ.ഇ.ഡി. ബൾബ്, അനുബന്ധ ഉപകരണങ്ങൾ |
| 288/25 തെരുവുവിളക്ക് | 3,00,000 തനതുഫണ്ട് | 42401167/ 20.1.25 | ABC Marketing, | എൽ.ഇ.ഡി. ബൾബ്, |

| | | | | |
|---|---|---|---|---|
| അധികഉപകരണങ്ങൾ | | Rs.84,601<br>42401269/<br>11.2.25<br>Rs.48,379<br>42401512/<br>25.3.25<br>Rs.1,05,000<br>42401525/<br>26.3.25<br>Rs.23,100 | Chalakudy | അനുബന്ധ ഉപകരണങ്ങൾ |

വാങ്ങിയ ഇനങ്ങളുടെ വിവരങ്ങൾ താഴെചേർക്കുന്നു

| പ്രോജക്ട് -- 288/25 | | പ്രോജക്ട് -- 7/25 |
|---|---|---|
| ഇനം | എണ്ണം | എണ്ണം |
| Polycab LED 23W | 1000 | 1840 |
| Al Wire | 15 Coil | 15coil |
| Pendant Holder | 500 | 600 |
| Al Shade | 300 | 500 |
| Insulation Tape | 200 | 350 |

മേൽപ്പറഞ്ഞവ കൂടാതെ 181 LED വിളക്കുകൾ 19/25 നം. പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1.തെരുവുവിളക്കുകൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിൽ മൂന്ന് വ്യത്യസ്ത പ്രോജക്ടുകളിലായി 10,87,438 രൂപ അടങ്കൽ ഉള്ള പ്രവൃത്തി മൂന്നായി വിഭജിച്ച് നടപ്പാക്കി. ഇത് വഴി ഇ-ടെണ്ടർ നടപടികളിൽ നിന്ന് ഒഴിവാക്കപ്പെട്ടു.

2.വിതരണരജിസ്റ്ററിൽ വാങ്ങിയ ഇനങ്ങൾ മിഥുൻ,കോൺട്രാക്ടർ എന്നയാൾ കൈപ്പറ്റിയതായി രേഖപ്പെടുത്തി കാണുന്നു. ടിയാൻ ആരാണെന്ന് വ്യക്തമല്ല. കൈപ്പറ്റിയ ഇനങ്ങൾ എപ്രകാരം വിനിയോഗിക്കപ്പെട്ടു എന്നതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല.

3.285 ബൾബുകൾ കേടുവന്നതായും അവ മാറ്റി നൽകണമെന്നും ആവശ്യപ്പെട്ട് സ്ഥാപനത്തിന് പഞ്ചായത്ത് കത്തയച്ചിട്ടുണ്ട്. ഇവ അൺസർവീസബിൾ ഗുഡ്സ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അവ തിരികെ ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല.

4.ജി.ഒ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 (തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ) പ്രകാരം സ്ഥാപനങ്ങൾ സമാഹരണപദ്ധതികൾ തയ്യാറാക്കേണ്ടതാണ്. സാധനങ്ങൾ വാർഷികആവശ്യകത നിർണ്ണയിച്ച് മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മൽസരാധിഷ്ഠിതനിരക്കുകൾ താരതമ്യം ചെയ്തതിന് ശേഷം വാർഷികപദ്ധതിക്ക് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തേണ്ടതാണ്. എന്നാൽ ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല.

5.സർക്കാർ ഉത്തരവ് നമ്പർ 2385/2018/തസ്വഭവ തീയതി 06.09.2018 പ്രകാരം കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് വാങ്ങുന്ന ഉപകരണങ്ങൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റേയോ മറ്റ് സർക്കാർ വകുപ്പുകളുടെയോ സാക്ഷ്യപത്രം വാങ്ങിയശേഷം മാത്രം ഉൽപന്നങ്ങൾ വാങ്ങിയാൽ മതി എന്ന നിഷ്കർഷ പാലിച്ചിട്ടില്ല. ഗുണനിലവാര പരിശോധനയുടെ വിവരം ഫയലിൽ ഇല്ല. സർക്കാർ ഉത്തരവ് (സാധാ)നം. 403/2025/LSGD Dt.09.02.2025 പ്രകാരം ഓറിയോൺ എൽ.ഇ.ഡി യൂണിറ്റ്, മാളയിൽ നിന്ന് മാത്രമേ ടെണ്ടർ കൂടാതെ തെരുവുവിളക്കുകൾ വാങ്ങാനാവൂ.

6. വാർഷികകണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് വിവരങ്ങൾ ചേർത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എൽ.ഇ.ഡി.

ബൾബുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നീക്കിയിരുപ്പ് ഉണ്ടെങ്കിലും വാർഷികകണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് ഇല്ല എന്ന് ചേർത്തിരിക്കുന്നു.

| ഇനം | 31.3.25 ന് ബാക്കിയുള്ള എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പേജ് നം. |
|---|---|---|
| 23W LED | 388 | 4 |
| Service Wire Al 2.5mm | 6 Coil | 8 |
| Pendant Holder | 39<br>60 | 10<br>175 |
| Bulb Shade | 71<br>75 | 12<br>155 |
| Insulation Tape | 170 | 168 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/29.08.2025) മറുപടിയായി തെരുവുവിളക്ക് രജിസ്റ്റർ 2022-23 വർഷത്തേത് ആണെന്നും ആയത് കാലികമാക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 181 LED വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവ തെരുവുവിളക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

കേടുവന്ന ബൾബുകൾ തിരികെ ലഭ്യമായിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രവർത്തനരഹിതമാകുന്ന വിളക്കുകൾ കാലതാമസം കൂടാതെ റിപ്പയർ ചെയ്യുന്നതിനാണ് രണ്ട് മേഖലകളായി തിരിച്ച് പ്രോജക്ട് നടപ്പാക്കിയത് എന്ന മറുപടി അംഗീകരിക്കാനാവുന്നതല്ല. എന്നാൽ പഞ്ചായത്തിൽ ഒരേ ഏജൻസിക്ക് തന്നെയാണ് രണ്ട് മേഖലയും നല്കിയത് എന്നിരിക്കെ കാലതാമസം കൂടാതെ റിപ്പയർ ചെയ്യുന്നതിനാണ് എന്ന മറുപടി യുക്തിസഹമല്ല.

കെ .എസ്. ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ഇനങ്ങൾ മൂല്യനിർണ്ണയം നടത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-08-BY 6279 മഹീന്ദ്ര ബൊലെറോ വാഹനത്തിന്റെ 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെയുള്ള ലോഗ് ബുക്കിൽ താഴെ ചേർക്കുന്ന അപാകങ്ങൾ ഉണ്ട്.

1. മാസാന്ത്യ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
2. ഓഡിറ്റിന് ഹാജരാക്കിയ ലോഗ് ബുക്കിൽ 01.08.2024 മുതലുള്ള രേഖപ്പെടുത്തലുകൾ മാത്രമേ കാണുന്നുള്ളു. 01.04.2024 മുതൽ 31.07.2024 വരെയുള്ള ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല.
3. 01.08.2024 മുതൽ 31.03.2025 വരെയുള്ള മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
4. വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
5. വാഹനത്തിന്റെ ഓരോ മാസത്തെയും ഡീസൽ ബാലൻസ് കൃത്യമായി മനസ്സിലാകുന്ന വിധത്തിൽ പ്രതിമാസ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.

വാഹനപരിപാലനവുമായി ബന്ധപ്പെട്ട് ജി.ഒ.(എം.എസ്) നം. 113/2003/ഫിൻ തീയതി 24.2.2003, ജി.ഒ.(പി) നം. 161/2006/ഫിൻ തീയതി 31.3.2006, KFC Vol 1 Article 324(a)എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 26/27.08.2025 )

## 1-38 കുടിവെള്ളക്കരം - ഭീമമായ കുടിശ്ശിക- വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ കുടിവെള്ളക്കരവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ SC1-5717/2021 പരിശോധിച്ചത് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് ഭരണസമിതിയുടെ 25.07.2024 ലെ 6/10 തീരുമാനപ്രകാരം വാട്ടർ ചാർജ് കുടിശ്ശിക റവന്യൂ നടപടികൾ സംബന്ധിച്ച കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ 18.07.2024 ലെ A-14327/24 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിലെ 178 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ 2024 ജൂലൈ മാസം വരെ 4,62,19,154 രൂപ കുടിശ്ശിക ഉണ്ടെന്ന് കാണിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക ഏതു കാലഘട്ടത്തിലെയാണെന്ന് വാട്ടർ അതോറിറ്റി വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശിക അടവാക്കുവാൻ ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റി അയച്ച നോട്ടീസും അതുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികളും പിൻവലിക്കുന്നതിന് ബഹു. ജല വിതരണ വകുപ്പ് മന്ത്രിയോടും, ബഹു. സ്ഥല എം.എൽ.എ.യോടും, ബഹു. റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയോടും അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും അതുപ്രകാരം 11.02.2025 ന് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ ആയതിനു നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ 18.02.2025 ലെ എ1-3681/2024 കത്ത് പ്രകാരം പഞ്ചായത്തിലെ പൊതുടാപ്പുകളുടെ ജിയോ ടാഗിംഗ് നടത്തി എണ്ണം തിട്ടപ്പെടുത്തുന്നതിന് നിശ്ചയിക്കുകയും 2025 ഫെബ്രുവരി 19,20,21 തീയതികളിൽ മേൽ പ്രവർത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന റിപ്പോർട്ട് ഫയലിൽ ഇല്ല.

വാട്ടർ അതോറിറ്റിയുടെ 2025 ഫെബ്രുവരിയിലെ ഡിമാൻഡ് നോട്ടീസ് പ്രകാരം മുന്നിരിപ്പ് 5,38,37,712 രൂപ, പിഴ- 10,56,090, 2/25 ലെ ഡിമാന്റ് (178 പൊതുടാപ്പുകൾക്ക്) 2,15,959 രൂപ ആകെ തുക 5,51,09,761 രൂപയാണ്. എന്നാൽ 2024-25 ൽ പ്രതിമാസം 83,715 രൂപയാണ് വെള്ള ചാർജ് ഇനത്തിൽ അടവാക്കുന്നത്.

2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 10,08,080 രൂപയാണ് വെള്ളക്കരം ഇനത്തിൽ അടവാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ഭീമമായ വെള്ളക്കരം കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.38/29.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ എത്ര പൊതുടാപ്പുകൾ ഉണ്ടെന്ന് സംയുക്തപരിശോധന നടത്തി കണ്ടെത്തേണ്ടതും തദനുസരണമായി വെള്ളക്കരം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭീമമായ വെള്ളക്കരകുടിശ്ശിക ഉണ്ടായ സാഹചര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം-തുടർ നടപടി സ്വീകരിക്കണം-ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്നതിന് ആവിഷ്കരിച്ച 127 പ്രവൃത്തികളിൽ 92 എണ്ണം പുതിയ പ്രവൃത്തികളാണ്. ഇതിൽ 36 പ്രവൃത്തികളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. 56 പുതിയ പ്രവൃത്തികളിൽ സുലേഖ ചെലവു പത്രിക പ്രകാരം 2024-25 വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. 35 സ്പിൽ ഓവർപ്രവൃത്തികളിൽ കനാൽ ബണ്ട് റോഡ് ബൈലൈൻ വാർഡ് 16, വിവിധ പാടശേഖരങ്ങളിൽ സ്ലാബ് സ്ഥാപിക്കൽ എന്നീ രണ്ട് പദ്ധതികളിൽ തൻവർഷം തുക ചെലവഴിച്ചിട്ടില്ല. ആകെയുള്ള 127 പ്രവൃത്തികളിൽ 69 പ്രവൃത്തികളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2024-25 വർഷത്തിൽ 70 പ്രവൃത്തികളിൽ മാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/22.08.2025) 92 പ്രവൃത്തികളിൽ 87 പ്രവൃത്തികളിൽ കരാറിലേർപ്പെട്ടതായും 5 എണ്ണം ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതായും 65 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായും, സ്പിൽ ഓവർ പ്രവൃത്തികളിൽ കനാൽ ബണ്ട് റോഡ് ബൈലൈൻ എന്ന പ്രവൃത്തി വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴി എടുക്കുന്നതിനാലാണ് ആരംഭിക്കാൻ സാധിക്കാതിരുന്നതെന്നും വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും പാടശേഖരങ്ങളിലെ സ്ലാബ് സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി ആരംഭിക്കുന്നതിലും,

പൂർത്തീകരിക്കുന്നതിലും കാലതാമസം നേരിടുന്നതായും, സമയബന്ധിതമായി പ്രവൃത്തി നടത്താത്ത കരാറുകാർ യുക്തിസഹമല്ലാത്ത കാരണങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകളിൽ പിഴ കൂടാതെ പ്രവൃത്തി കാലയളവ് ദീർഘിപ്പിച്ച് നൽകിയതായും കണ്ടു. ഇത് മൂലം ധാരാളം പ്രവൃത്തികൾ സ്പിൽ ഓവറായി തുടരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾക്കായി ആകെ വകയിരുത്തിയ 7.147 കോടി രൂപയിൽ 3.18 കോടി രൂപ മാത്രമാണ് (ചെലവ് ശതമാനം 44.49) ചെലവഴിച്ചിട്ടുള്ളത്. ജീവനക്കാരുടെ അഭാവം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 മരാമത്ത് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ്, പാറ, സ്ക്രാപ്പ് സ്റ്റീൽ എന്നിവയുടെ ലേലം- തുടർ നടപടി വിവരം ലഭ്യമാക്കണം

താഴെ പട്ടികയിൽ പറയുന്ന മരാമത്ത് പ്രവൃത്തികളിലെ കുഴിച്ചെടുത്ത മണ്ണ്, മറ്റിനങ്ങൾ എന്നിവ ലേലം നടത്തുന്നതിന് സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| ക്രമ നം. | പ്രോജക്ട് നം, പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ്($M^3$) | Assessed Quantity($M^3$) | മൂല്യ നിർണ്ണയ തുക /തിയതി (@230.11/ $M^3$) | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 260/25 പുഞ്ചിരിപ്പാടം റോഡ് കാന നിർമ്മാണം | 28.62 | 21.47 | Rs.4,940/ 10.05.2024 | ലേലംനടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |
| 2 | 125/25 നമ്പിടിക്കുണ്ട് റോഡ് ഫേസ് 2 | 40.645 | 32.52 | 7,482 തിയതി ഇല്ല | ലേലം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |
| 3 | 253/25 പഞ്ചായത്ത് കിണർ റോഡ് വെള്ളക്കെട്ട് ഒഴിവാക്കൽ | 116.54 | 57.15 | 13,151 തിയതി ഇല്ല | 57.15 മണ്ണ് ലേലം നടത്തുന്നതിന് റിപ്പോർട്ട് ചെയ്യുകയും കരാറുകാരൻ വിനിയോഗിച്ച മണ്ണിന്റെ വില 12,113 രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. |
| 4 | 262/25 പഞ്ചായത്ത് കിണർ റോഡ് കാന നിർമ്മാണം വാർഡ് 10 | 111.69 | 33.62 | 7,735 തിയതി ഇല്ല | 33.62 മണ്ണ് ലേലം നടത്തുന്നതിന് റിപ്പോർട്ട് ചെയ്യുകയും കരാറുകാരൻ വിനിയോഗിച്ച മണ്ണിന്റെ വില 16,723 രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. |
| 5 | 142/25 കറുപ്പം | 73.215 | 58.57 | 13,478 | ലേലം നടത്തിയതിന്റെ വിവരം |

| | | | | | |
|---|---|---|---|---|---|
| | കടവി റോഡ് കാനനിർമ്മാണം | | | 26.08.2025 | ലഭ്യമാക്കിയിട്ടില്ല |
| 6 | 254/25 ദേവിപുരം പോസ്റ്റ് ഓഫീസ് റോഡ് കാന നിർമ്മാണം | 132 | 91 | 20,940 തിയതി ഇല്ല. | 132ക്യൂബിക് മീറ്റർ മണ്ണ് ലേലം നടത്തുന്നതിന് റിപ്പോർട്ട് ചെയ്തതിൽ 41.65 മണ്ണ് ലേലം ചെയ്ത് 9,800 രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി $91M^3$ ലേലം നടത്തിയതിന്റെ വിവരം ലഭ്യമാക്കണം. |

2. പ്രോജക്ട് നം.115/25 മേലിക്കാട്ടിൽ ബൈലൈൻ റോഡിന്റെ പ്രവൃത്തിയിൽ ഡിസ്മാന്റിൽ ചെയ്ത 5.62 പാറയും, താളിക്കുണ്ട് ചൂലൻകുന്ന് കൽവർട്ട് നിർമ്മാണത്തിൽ ലഭിച്ച മണ്ണ്, കല്ല്, വാർഡ് 17 ലെ പഴയ ഇരുമ്പ് സ്ട്രക്ചർ എന്നിവ വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതിന് സമർപ്പിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ടെങ്കിലും ഈ ഇനങ്ങൾ ലേലം നടത്തിയതായി കാണുന്നില്ല. വാർഡ് 7, 14 എന്നിവയിലെ വാട്ടർ ടാങ്കിന്റെ ഭാഗമായ ഇരുമ്പ് സ്ട്രക്ചർ എന്നിവയും ലേലം നടത്തിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം. 19,20/26.08.2025, 36/29.08.2025)
ഇത സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 36/29.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ചത പ്രകാരമുള്ള ഇനങ്ങൾ ലേലം നടത്തുന്നതിന് തുടർ നടപടി സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-41 തൊഴിലുറപ്പ് പദ്ധതിയ്ക്കായി വാങ്ങിയ കയർ ഭൂവസ്ത്രം പൂർണ്ണമായി വിനിയോഗിച്ചില്ല

പ്രവൃത്തി കോഡ് --1607011002/IC/372307

പ്രവൃത്തിയുടെ പേര്-- ഇല്ലിക്കളങ്ങര- മണലിപ്പുഴ കയർഭൂവസ്ത്രം വിരിക്കൽ

ഗ്രാമപഞ്ചായത്തിൽ മേൽ പ്രകാരം പ്രവൃത്തി നടത്തുന്നതിനായി കയർ ബോർഡിൽ നിന്നും ഇൻവോയ്സ് നം.CC/IG/3014/21.11.2023 പ്രകാരം 400 ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വാങ്ങിയതിന് 29,400 രൂപ നൽകിയിട്ടുണ്ട്. മേൽ പ്രകാരം വാങ്ങിയ കയർ ഭൂവസ്ത്രത്തിൽ നിന്നും 190 ച.മീറ്റർ മാത്രമേ ഈ പ്രവൃത്തിയ്ക്കായി ഉപയോഗിച്ചിട്ടുള്ളൂ. ബാക്കിയുള്ള 210 ചതുരശ്ര മീറ്ററിൽ 53.8 ച.മീറ്റർ ഭൂവസ്ത്രം വീമ്പ് പ്രദേശത്തെ ചെറിയതോട് പുനരുദ്ധാരണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. ശേഷിച്ച 156.2 ച.മീറ്റർ ഭൂവസ്ത്രം ഉപയോഗിക്കാതെ സ്റ്റോക്കിൽ നീക്കിയിരുപ്പുള്ളതായി കാണുന്നു. തൻവർഷത്തിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന നാല് പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്കാവശ്യമായ ഭൂവസ്ത്രം പ്രത്യേകമായി കയർബോർഡിൽ നിന്നും വാങ്ങുകയും പ്രവൃത്തിയ്ക്കായി ഉപയോഗിക്കുകയും ചെയ്തതായി ഫയൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടു. നീക്കിയിരുപ്പുള്ള 156.2 ച.മീറ്റർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.37/29.08.2025 )

## 1-42 ഹെൽത്ത് ഗ്രാന്റ് വിനിയോഗം അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

പാലിയേറ്റിവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാമൂഹ്യ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 31.08.2022ലെ സ.ഉ.(സാ) 2132/2022/ത.സ്വ.ഭ.വ ഉത്തരവിൽ ഉൾപ്പെട്ട സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തുന്നതിനാവശ്യമായ റീഏജന്റുകളും, ടെസ്റ്റ്കിറ്റുകളും ആവശ്യമായ ലാബ് ഉപകരണങ്ങളും വാങ്ങുന്നതിനും, ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിന് ലഭ്യമായ ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം3 | സ്കീം4 | ആകെ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | 2021 - 22 | NIL | 2,36,447 | 1,10,000 | 3,46,447 (2022-23 വർഷം ലഭിച്ചു) | 2,76,173 |
| 2 | 2022 -23 | NIL | 10,26,000 | 4,23,000 | 14,49,000 (2023-24 | 2,35,082 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വർഷം ലഭിച്ചു) | |
| 3 | 2023-24 | NIL | 4,29,000 | 6,74,000 | 11,03,000 (2024-25 വർഷം ലഭിച്ചു) | 0 (തൻവർഷം) 7,28,034 (സ്പിൽ ഓവർ) |
| 4 | 2024-25 | NIL | NIL | NIL | | |

നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2021-22 | NIL | NIL | NIL |
| 2022-23 | 275/23 - രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 2,36,447 | 2,21,893 |
| | 276/23 –ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ | 1,10,000 | 54,280 |
| 2023-24 | 233/24 –കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ -സ്പിൽ ഓവർ | 55,720 | 23,100 |
| | 235/24 -- രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -സ്പിൽ ഓവർ | 14,554 | 0 |
| | 257/23 - രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 2022-23 | 10,26,000 | 1,37,062 |
| | 258/23 –ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ 2022-23 | 4,23,000 | 74,920 |
| 2024-25 | 267/25-കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ 2022-23 -സ്പിൽ ഓവർ | 3,48,080 | 3,41,744 |
| | 268/25- കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ -സ്പിൽ ഓവർ | 32,620 | 32,620 |
| | 269/25 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -2022-23 -സ്പിൽ ഓവർ | 8,88,938 | 3,39,116 |
| | 270/25 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -സ്പിൽ | 14,554 | 14,554 |

| | | | |
|---|---|---|---|
| | ഓവർ | | |
| | 307/25 – കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ 2023-24 | 6,74,000 | 0 |
| | 308/25- രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -2023-24 | 4,29,000 | 0 |

31.3. 2025 ന് വാർഷിക കണക്ക് പ്രകാരമുള്ള ബാക്കിയുള്ള ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് | അക്കൗണ്ട് നം | ബാലൻസ് |
|---|---|---|
| Health Grant Towards Support For Diagnostic Infrastructure To PHC S | Canara Bank 110047448447 | 10,24,061 |
| Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | Canara Bank 110047448730 | 6,92,401 |

ഗ്രാമപഞ്ചായത്തിനു ലഭിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആരോഗ്യ സേവന മേഖലയിൽ സ്കീം 3,4 എന്നിവയിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആതുര സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-43 ജലജീവൻ മിഷൻ അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്ര മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ജലജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 30.06.2020ലെ 4(15) നം. പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ 15% തുക തദ്ദേശസ്ഥാപന വിഹിതമായും, 10% ഗുണഭോക്തൃവിഹിതമായി ഉറപ്പ് വരുത്തുന്നതിനും തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

